# പാരിജാതം

പുസ്തകം 2 | 1124 മകരം | ലക്കം 6


## മംഗളം.

(ശ്രീ. എസ്സ്. വി. രാമവാരിയർ.)

ആനന്ദകന്ദമപദാനനിദാനമാക-
മാനംതിളങ്ങുമിതിഹാസവിലാസമേവം
ന്യൂനംതികഞ്ഞു "പരമേശപര" വീക്ഷണാഢ്യ-
ന്യൂനംജയിക്കസുചിരം ഭുവി "പാരിജാതം."

UNIVERSITY LIBRARY 21 MAR 1949 MADRAS

---

# സൗന്ദര്യബോധം.

[ശ്രീ. പി. ഗോവിന്ദമേനോൻ. ബി. എ.]

---

സൗന്ദര്യാന്വേഷണം സൃഷ്ട്യാരംഭത്തിൽത്തന്നെ സമാരംഭിച്ചിരിക്കണം. എന്തിനും ഒരുമിഴിവുംമികവും ഉണ്ടായാൽ വേണ്ടില്ലെന്നാഗ്രഹിക്കാത്തവർ ചിന്താശീലന്മാരിൽ ആരുംതന്നെ ഉണ്ടാവില്ലെന്നാണിരിക്കുന്നതു്. പക്ഷേ, ബാഹ്യസൗന്ദര്യത്തേക്കാൾ അവർ കാംക്ഷിക്കുന്നതു് ആന്തരസൗന്ദര്യമായിരിക്കുമെന്നുമാത്രം. ഉള്ളിലുള്ള സൗന്ദര്യത്തിനൊത്തു പുറമെയുള്ളതും സമ്മിളിതമാവുമ്പോൾ എന്തിനും കൈവരുന്നു ഒരു പരിപൂർത്തി.

കർക്കശജീവിതായോധനത്തിന്റെ കടുംചൂടിനെ കുറയ്ക്കുവാനുപകരിക്കുന്ന ശീതളകരമാണു സൗന്ദര്യത്തിന്റേതു്. ഉൾക്കണ്ണൊന്നു തുറക്കുകയേവേണ്ടു നമ്മുടെ ചുറ്റുപാടും വിലസുന്ന 'മാംസളസൌന്ദര്യമാധ്വീക മാധുരി'യെ, അതിൽ നിലീനമായ ദിവ്യദീപ്തിയെ ഒട്ടും വിസ്മരിക്കാതെതന്നെ, ആവോളമാസ്വദിക്കുവാൻ. സൃഷ്ടികർത്താവു ചുറ്റുപാടും എത്ര ലോഭംകൂടാതെയാണു് ഈ ഭൗമരസം പകർന്നുകൊടുത്തിട്ടുള്ളതു്? തൂവെള്ളി ഉരുക്കിയൊഴിച്ചപോലെ പ്രവഹിക്കുന്ന നദികളും, സദാസുവർണ്ണം വിതറുന്ന സൂര്യനും, പാലൊളി പരത്തുന്ന പനിമതിയും, കൂരിരുട്ടും അലംകൃതമാക്കുന്ന നക്ഷത്രരത്നങ്ങളും, ഇങ്ങിനെയെണ്ണിയാലൊടുങ്ങാത്ത ഏതെല്ലാം തരത്തിലാണു സൗന്ദര്യദേവത നമ്മുടെ മുമ്പിൽ സർവ്വാംഗഭംഗിവഹിച്ചു സരസതരം നൃത്തമാടുന്നതു്? അഹോ, വിചിത്രം, വിചിത്രമെന്നേ പറയേണ്ടു!

പ്രകൃതിയുടെ അന്തസ്സും അഴകും മനുഷ്യനെ ഓർമ്മിപ്പിക്കുന്നതു് അവന്റെ ജന്മാവകാശവും അവനിൽ നിലീനവുമായ ഒരു സുന്ദരശക്തിവിശേഷത്തെ

യാകുന്നു. തൽക്കാലം അവൻ ആ സ്ഥാനത്തുനിന്നുകന്നാണു നിൽക്കുന്നതെങ്കിലും, അവന്റെ ആന്തരമായ കൊതിമുഴുവൻ അവിടെ എത്തിച്ചേരുന്നതിന്നാണ്. നാട്യപ്രധാനമായ ആധുനിക നാഗരികതയുടെ ഇരമ്പത്തിന്നും കമ്പത്തിന്നും പ്രശാന്തരമണീയമായ സൗന്ദര്യബോധത്തിലുള്ള ആസ്വാദ്യതയെ തുരത്തുവാൻ ഇനിയും കഴിഞ്ഞിട്ടില്ലെന്നതു കുറെ ആശ്വാസജനകം തന്നെ.

ചുററുപാടുള്ള ബാഹ്യസൗന്ദര്യത്തെ ആസ്വദിക്കുവാൻ കഴിഞ്ഞതുകൊണ്ടുമാത്രം ജീവിതം പൂർണ്ണമായിത്തീരുന്നതല്ല. പക്ഷേ, അത്തരമൊരു കഴിവുണ്ടായിത്തീരുന്നതുതന്നെ കുറഞ്ഞതല്ലാത്ത ഒരു നേട്ടമാണെന്നു കൂട്ടുക. എങ്കിലും കലയുടെ കൊട്ടാരത്തിൽ സൗഖ്യവും സമൃദ്ധിയും വേണ്ടുവോളമാശിച്ചുകൊണ്ടു കഴിഞ്ഞുകൂടുന്നതായാൽപോലും, തൻകാര്യമാത്രപ്രസക്തമായ ഒരുജീവിതത്തിന്നു വിലയും നിലയും തികയുവാൻ തരംപോരാ.

സൗന്ദര്യബോധം പരോപകാരപ്രവണമായിത്തീർത്തക്കവിധം നിയന്ത്രിതമാവണം. മനുഷ്യന്റെ ഹൃദയത്തിൽ വിലീനങ്ങളായ മഹനീയഭാവങ്ങളെ ഉദ്ദീപിപ്പിച്ച്, അവനെ സൽകർമ്മനിരതനാക്കിത്തീർക്കത്തക്കതരത്തിലായിരിക്കണം സൗന്ദര്യത്തിന്റെ ആകർഷണം. കുററമാണോ, സത്യാന്വേഷകന്മാരായ ഋഷീന്ദ്രന്മാർ 'പ്രകൃതിയുടെ മനോജ്ഞമന്ദഹാസത്തികൃതിയി'ലോളംവെട്ടുന്ന കാനനതടങ്ങളെ അഭയം പ്രാപിച്ചിരുന്നതു! പ്രകൃതിമനോഹരതയ്ക്കു മനുഷ്യമനസ്സിന്മേലുള്ള മഹത്തരമായ സ്വാധീനശക്തിക്ക്, ഇതിലധികം ഉത്തമദൃഷ്ടാന്തം മറെറന്തുവേണം.?

സൌന്ദര്യാസ്വാദനം നന്മയിൽക്കൂടെ മാത്രമേ സാധ്യമാവൂ. വിവേചനശക്തിയാണു അതിന്നുള്ള കഴിവു നമ്മിലുണ്ടാക്കുന്നത്. സൗന്ദര്യം അധിഷ്ഠിതമായിരിക്കുന്നതു സത്യത്തിലത്രേ. സത്യം വെളിപ്പെട്ടാൽ നശിക്കാത്ത ആനന്ദം കൈവരികയും ചെയ്യും. സൗന്ദര്യം, നന്മ, അറിവ് എന്ന മൂന്നു കമ്പികൾ ശരിക്കു മീട്ടുവാനറിഞ്ഞാൽ ജീവിതവീണയിൽനിന്നു ചൈതന്യദായകങ്ങളായ ഗാനങ്ങൾ പുറപ്പെടുന്നതാണ്.

പരാർത്ഥജീവിതമാണ് ആരുടേയും ഹൃത്തടത്തെ അലിയിക്കത്തക്ക ആകർഷകത്വം നൽകുന്നതെന്നു നാം പ്രത്യേകം ധരിക്കുന്നതുകൊള്ളാം. ബാഹ്യമോടികൊണ്ടു കൂട്ടുന്ന സൗന്ദര്യം സൽഫലത്തെ നൽകുവാൻ സമർത്ഥമേ അല്ല. ഈ പരമാർത്ഥം ഗ്രഹിച്ചാൽ സൗന്ദര്യത്തെസംബന്ധിച്ച നമ്മുടെ വീക്ഷണഗതി പരിപൂർണ്ണമായിത്തീരും.

ആത്മസംയമനത്തോടുകൂടി ജീവിക്കുന്നതായാൽ മാത്രമേ അന്തസ്സും ആഭിജാത്യവും പാലിച്ചുകൊണ്ടുള്ള ഒരു ഉത്തമജീവിതത്തിന്നൊക്കൂ. അത്തരമൊരുജീവിതത്തിലേ ബാഹ്യാഭ്യന്തരസൗന്ദര്യങ്ങൾ ഒത്തുമേളിക്കൂ. ഇനി ബാഹ്യസൗന്ദര്യം കുറെക്കുറഞ്ഞാൽക്കൂടി അതിന്റെ കോട്ടവുംകൂടി തീർക്കത്തക്ക ആന്തരസൗന്ദര്യം പ്രകാശിക്കാതിരിക്കയില്ല. അതുകൊണ്ടാണു ഉത്തമജീവിതം നയിക്കുന്നവർക്കു ഇത്ര വളരെ സ്വാധീനശക്തിയുണ്ടായിത്തീരുന്നത്. അടുത്തകാലത്തു ജീവിച്ചിരുന്നവരിൽ മഹാത്മാഗാന്ധിയെ ഇതിന്നൊരു ദൃഷ്ടാന്തമായെടുക്കാം. സൌന്ദര്യത്തിന്റെ സർവ്വാംഗീണമായതികവു കൈവന്ന മഹാപുരുഷനായിരുന്നു ശ്രീ. വിവേകാനന്ദസ്വാമികൾ. ശ്രീ: ബുദ്ധൻ, ക്രിസ്തു, മുഹമ്മദ മുതലായവരുടെ ജീവിതങ്ങളെല്ലാം യഥാർത്ഥസൗന്ദര്യത്തിന്റെ അടിയുറവിനെ പ്രകാശിപ്പിക്കുന്നവതന്നെ.

എന്നാൽ, സൗന്ദര്യാഭാസത്തിൽ ഭ്രമിച്ച് ഇന്നത്തെ ചിലമോടികളിൽ മയങ്ങി പലരുംകാട്ടിക്കൂട്ടുന്ന കുചേഷ്ടിതങ്ങൾ എന്തെല്ലാം കഷ്ടനഷ്ടങ്ങളാണുണ്ടാക്കുന്നതെന്നോർക്കുമ്പോൾ പരിതാപകരമെന്നുതന്നെ കാണുന്നതാണ്. പ്രകൃതിക്കു എതിരായ പോക്കുകൾ ദേഹത്തിന്റെ ആരോഗ്യത്തേയും മനസ്സിന്റെ സ്വാസ്ഥ്യത്തേയും കെടുത്തുവാനിടവരുത്തുന്നു. അതുകൊണ്ടു ബുദ്ധിശക്തിയും വികസിക്കുന്നില്ല. സുവർണ്ണത്തകിടുകൊണ്ടു പൊതിയുന്നതിനാൽ വ്രണം വർദ്ധിക്കുകയല്ലേ ചെയ്യുക? കാണാൻ മാത്രമുള്ള ചന്തംകൊണ്ടെന്തു കാര്യം? അനുകരണഭ്രമംകൊണ്ടുള്ള അനർത്ഥം സൗന്ദര്യബോധത്തെ അപകടപ്പെടുത്താതെ കഴിപ്പാൻ ഇക്കാലത്തു പ്രത്യേകിച്ചും ശ്രദ്ധിക്കേണ്ടിയിരിക്കുന്നു.

'എളിയ ജീവിതവും മഹനീയ ചിന്തയു'മാണു വരേണ്യമെന്നു മഹത്തുക്കൾ, അവരുടെ ജീവിതംകൊണ്ടും ഉപദേശങ്ങൾകൊണ്ടും നമ്മെ പഠിപ്പിച്ചിട്ടുണ്ട്. പരിശുദ്ധിയുടെ ഏററക്കുറവനുസരിച്ചാണു സൗന്ദര്യപ്രകാശനത്തിന്റെ ആധിക്യന്യൂനതകൾ. ഈ തത്വം ഉൾക്കൊണ്ടാൽ സർവ്വതാപനിവാരണത്തിന്നുതകുന്ന ഒരു ശക്തിവിശേഷം സൗന്ദര്യത്തിലുണ്ടെന്നു തെളിയും. ഇത്തരത്തിലുള്ള സൗന്ദര്യബോധത്തിന്റെ പ്രസാദനം സർവ്വോൽകർഷേണ വിലസുവാനിടവരട്ടെ, എന്നു പ്രാർത്ഥിച്ചുകൊള്ളുന്നു.

# രാവണോപദേശം.

[[illegible], കെ. എം. പണിക്കർ, എം. എ. [ഓക്സൺ] ബാർ-അററ്-ലാ-].

II

“ആരിലും കവി മിസ്ഥിതി യിക്കുമേ
നേരലർശരം പതിച്ചു നിർണ്ണയം
പാരുമൂന്നിനുമധീശനായനി-
ന്നാര്യമായ മനീഷിപദത്തിനാൽ. 1

ഇന്നെനിയ്ക്കു പറവാൻ സപത്നിമാർ
തന്നിൽനിന്നു പെരുതില്ലൊരല്ലലും;
ഇന്ദ്രജിജ്ജനനി സർവ്വമാതരിൽ-
ധന്യയെന്നഖിലലോകസമ്മതം. 2

ദേവസൈന്യനിരയോടെതിർത്തൊരാ
രാവണന്റെ കരപങ്ക്തി നിത്യവും
രാവിലെന്നരസിമാലപോലവേ
വീഴ്വതിൽക്കവിയുമിഷ്ടമെന്തുമേ? 3

ഇല്ലമേ കൊതി വിഭൂഷണങ്ങളിൽ-
ദുർല്ലഭദ്രവിണമൊന്നിലും പ്രഭോ,
നല്ലവർ കണവരേല്പതിൽകവി-
ഞ്ഞില്ലലം കരണമേതുമിഷ്ടമായ്. 4

സദ്യശസ്സിനുടെ ലേപനത്തിനാ-
ലദ്യശോഭിതടവട്ടെ മേനിമേ
ഹൃദ്യമമ്പില, ശുചന്ദനത്തിലും,
ശുദ്ധമായമൃഗനാഭിസത്തിലും. 5

ഇല്ലെനിയ്ക്കുകുറവിപ്പൊഴൊന്നിനും
വല്ലഭൻ പ്രഭു ഭവാനിരിയ്ക്കവേ
വല്ലതും മനസിതോന്നിടുന്നതാ-
മല്ലൽ ഞാൻ പറവതോ, ക്ഷമിയ്ക്കണം. 6

തമ്മിലുള്ളൊരനുരാഗവും, ഭവ-
ലമ്മപത്നിയഥവാ സുതർക്കുതാൻ
അമ്മയെന്നു, മതുപോട്ടെ, നിന്റെയ-
ജ്ജന്മദാസിയിവളെന്നുമോർക്കയാൽ. 7

ശങ്കിയാതെ പറയുന്ന മാനസാ-
ശങ്കയേറിവളരുന്നതൊക്കയും;
ഏങ്കലേപ്രണയമേകസാക്ഷിയാ-
മെങ്കിലും ദയവിൽ നീ പൊറുക്കുക. 8

അംഗസന്ധികളിൽ മുള്ളുപോലവേ
തുംഗഖേദമുളവാക്കിടുന്നുമേ
ലങ്കയിൽ പ്ലവഗമേറി നിർഭയം
സാഗരേ സുതനേയന്നു കൊൽകയാൽ. 9

ഇന്ദ്രഭാമിനി ചിരിച്ചിരിക്കയാ-
മിന്ദ്രജിത്തിനുടെ [illegible]തമ്പിയെ
നിന്ദ്യനാം കപിയണഞ്ഞു ലങ്കയിൽ-
കൊന്നവാർത്തയതു കേട്ടിരിയ്ക്കവേ. 10

കാതവർക്കു കുളിരാതിരിയ്ക്കുമോ
യാതുധാനവിഭുവിന്റെ പത്തനം,
ദൂതനാംകപി നിമിത്തമീവിധം
പാതിവെന്തകലയങ്ങൾ കാൺകവേ? 11

മന്ത്രിമുഖ്യനുടെ പുത്രരഞ്ചുപേർ
ഹന്ത! വീരമൃതിപൂണ്ടതില്ലയോ;
എന്തുഞാൻ പറയുമക്കുമാരർതൻ
കാന്തമാരൊടൊരു സാന്ത്വനം പ്രഭോ? 12

നോക്കുമെങ്ങനെ നിശാചരേശ ഞാൻ
ഭാഗ്യമറ്റൊരവർ തൻ മുഖങ്ങളിൽ?
കാൽക്കൽവീണു വിലപിയ്ക്കുമായവ-
ർക്കാശ്വസിതമേകുമെങ്ങനെ? 13

സ്ത്രീസ്വഭാവസുലഭം മടിയമീ-
ഖേദമെന്നതു പൊറുക്കനീപ്രഭോ;
ആകുമെങ്ങനെ സഹിക്കുവാനെനി-
യ്ക്കാദ്യമിങ്ങനെ വരുന്ന സങ്കടം? 14

പോട്ടെയൊക്കെയഹഹാ! കഠോരമി-
ക്കേട്ടസംഗതി കുടുംബനാശനം
ജ്യേഷ്ഠകോപമതിനാൽ രിപുക്കൾതൻ
പാട്ടിലായിതനുജൻ വിഭീഷണൻ., 15

തെറ്റുചെയ്തുപലതും വിഭീഷണൻ
ചെറ്റുമില്ലതിനു, നാഥ, സംശയം
മറ്റുശിക്ഷകൾ ഭവാൻ വിധിക്കിലാർ
കുറ്റമോതു? മവിടുന്നുതാൻ ഗുരു. 16

ശാസ്യനാണവനെതിർത്തു നിൽക്കിലും,
ധാർഷ്ട്യമോതി രിപുവെത്തുണയ്ക്കിലും;
ഈർഷ്യയോടഥ ബഹിഷ്കരിക്കിലോ,
ദോഷമായ്‌വരുമിവർക്കു നിർണ്ണയം. 17

ഇത്രനല്ലൊരുമയിൽ പുലസ്ത്യസൽ-
ക്കീർത്തിപെറ്റ കുലമിപ്പൊഴീവിധം
ഛിദ്രമായ്ത്തവ കനിഷ്ഠസോദരൻ
ശത്രുവെന്നനിലയായതില്ലയോ? 18

ഇഷ്ടസോദരർ പിണങ്ങിനില്പതേ
കഷ്ട, മിന്നതിലുമേറെയല്ലയോ,
പുഷ്ടവൈരമൊടു മാറ്റലർക്കുകീ-
ഴ്പ്പെട്ടവർക്കു തുണചെയ്തു വാഴ്‌വതും? 19

# നിയമസഭ.

[ശ്രീ കെ. ശങ്കരക്കുറുപ്പ്, ബി. എ., ബി. എൽ.]

## നിയമസഭയുടെ ഘടനയും അധികാരങ്ങളും

II

ആധുനികനിയമസഭയുടെ ശരിയായ ഉത്ഭവവും ക്രമപ്രവൃദ്ധമായ വളൎച്ചയും മനസ്സിലാക്കണമെങ്കിൽ ആംഗലരാജ്യത്തിന്റെ രാഷ്ട്രീയചരിത്രം വായിക്കണം. അനവധി നൂററാണ്ടുകൾക്കുമുമ്പ്, രാജാവ് ഉപദേശത്തിനായി 10-ഓ, 12-ഓ പ്രസിദ്ധിയും പെരുമയും ഉള്ളവരെ വിളിച്ചുകൂട്ടിയിരുന്ന ഒരു സഭയായിരുന്നു (വിററാനഃ-ജി-മോട്ട്=വിദ്വന്മണ്ഡലം) ഇതിന്റെ ആദിമരൂപം. കാലാന്തരത്തിൽ—19-ാം നൂററാണ്ടിൽ—ഇന്ന് അത് പ്രായപൂൎത്തിവന്ന സകലരും തിരഞ്ഞെടുക്കുന്ന പ്രതിനിധികളുടെ ഒരു മഹാസഭയായിത്തീൎന്നിരിക്കുന്നു. അതിൽതന്നെ സ്ത്രീകൾക്കു സമ്മതിദാനാവകാശം സിദ്ധിച്ചതു് അടുത്ത കാലത്താണ്. ഈ പരിണാമം വളരെക്കാലത്തെ നിരന്തരപരിശ്രമത്തിന്റെ ഫലമാണ്. ഇതാണ് സാക്ഷാൽ പാർലിമെണ്ടുസഭയുടെ അധോമണ്ഡലമായ ജനപ്രതിനിധിസഭ. ഈ സഭയുടെ വേറെ ഒരു വിഭാഗമാണ് പ്രഭുസഭ എന്ന ഉപരിമണ്ഡലം. ഇതിനെ ആദൎശമാക്കിയും അല്പാല്പഭേദഗതികളോടുകൂടിയുമാണ് ഇതരരാജ്യങ്ങളിൽ നിയമസഭകൾ സ്ഥാപിച്ചിട്ടുള്ളത്. എന്നാൽ ചില രാജ്യങ്ങളിൽ ഒരു മണ്ഡലമേയുള്ളൂ. ആംഗലരാജ്യത്തിൽ വേണ്ടി വന്നിട്ടുള്ള കലഹങ്ങളോ സമരങ്ങളോ കൂടാതെതന്നെ നമുക്ക് കൊച്ചിരാജ്യത്തിൽ രണ്ടു വ്യാഴവട്ടത്തിനുള്ളിൽ പരമാധികാരത്തോടുകൂടിയ ഒരു നിയമസഭ മഹാരാജാവിന്റെ സന്മനസ്സോടുകൂടി ലഭിച്ചിട്ടുണ്ട്. ആകെ 58 പ്രതിനിധികളെ അനുവദിച്ചിട്ടുണ്ട്. രാജ്യത്തെ 43 പ്രാദേശികനിയോജകമണ്ഡലങ്ങളായി വിഭജിച്ച് ഓരോന്നിൽ നിന്നും ഓരോ പ്രതിനിധികളെയും, ന്യൂനപക്ഷസമുദായപ്രാതിനിധ്യത്തിന് 7 പേരെയും, ഭൂമിഉടമസ്ഥന്മാർ, വാണിജ്യവ്യവസായികൾ, തൊഴിലാളികൾ ഇവൎക്ക് ഓരോന്നും, തിരഞ്ഞെ

---

ധൎമ്മവിത്തവനഗാധബുദ്ധിമാൻ,
കൎമ്മചുഞ്ചു, ദശകന്ധരാനുജൻ
നമ്മളെബ്ബത വെടിഞ്ഞതോൎക്കുകിൽ-
ധൎമ്മലോപമുരചെയ്തിടുംജനം. 20

എങ്ങു ധൎമ്മമവിടെജ്ജയം ദൃഢം,
എങ്ങുനീതിയെഴുമങ്ങു ധൎമ്മവും,
ധൎമ്മമൂൎത്തി ദശകണ്ഠനെന്നോൎത്ത
നന്മചേൎത്തിതു നമുക്കിതേവരെ. 21

സ്വന്തമിന്ദുകിരണോജ്ജ്വലയശ
സ്സെന്തിനിന്നു മലിനീകരിപ്പൂ നീ?
ഹന്ത! നിന്നനുജനെബ്ഭലാൽപുറ-
ത്തുന്തിവിട്ടതുഗുണത്തിനായ്‌വരാ. 22

പിന്നെയുണ്ടിതൊരു കാൎയ്യമേററവും
ഖിന്നമാക്കിടുവതെൻ ഹൃന്തരം;
തന്വിമാരുടയ മത്സരങ്ങളെ
ന്നെണ്ണിനി ഹൃദയനാഥ, തള്ളൊലാ. 23

എത്രയുണ്ടു കനകോജ്ജ്വലാംഗിമാ-
രത്ര;നിന്റെയൊരു നോക്കുകാക്കുവോർ!
ഇത്രപിന്നെയൊരു നാരി സീതയിൽ
ച്ചിത്ത,മെന്തഭിരുചിയ്ക്കുകാരണം? 24

തന്നിലിഷ്ടമിയലാത്തമങ്കയിൽ
കണ്ണുവെയ്ക്കുവതു കാന്ത, ധൎമ്മമോ?
പിന്നെയോ, ചതിപിണച്ചെടുത്തൊരീ-
ത്തന്വിയിങ്കലഭിലാഷമീവിധം. 25

പുണ്യഹാനിയിതു വിശ്രവസ്സുതൻ
ധന്യമാകിയ കുലത്തിനേകിടും
നിന്ദ്യമാം തവ തപോബലങ്ങളും
മണ്ണടിഞ്ഞിടുമിതൊന്നിനാൽ പ്രഭോ! 26

നീതിവിട്ടൊരടി മാറിടാത്തൊരീ
യാതുധാനപതിയിന്നൊരുത്തിയെ
കൈതവാലപഹരിച്ചുദഗ്രയശ-
സ്സാതുരതചമുളവാക്കിടുന്നുമേ. 27

വൈരികൾക്കു വകയായ് ചിരിക്കുവാൻ;
ഭൂരിപുണ്യമതിനിങ്ങു നാശവു;
ആൎയ്യ, സങ്കടമിതാണുതീവ്രമാ-
ത്താരിലേൽക്കുവതു, ധർമ്മഭീരു ഞാൻ." 28

മന്ദമാമൊഴിനിലച്ചു; ശാന്തനി-
ശ്ശബ്ദതയ്ക്കവിടമന്യാധീനമായ്,
വാസരക്ഷണദകൾക്കിടയ്ക്കുതോ
വ്യക്തസൌമ്യത കലൎന്നൊരന്തിപോൽ. 29

ഭക്തിപൂൎവ്വകമുരച്ചതായൊരീ-
യുക്തിവാചകമതിന്നു രാവണൻ
പത്തുവക്ത്റയുതനെങ്കിലും ജവാ-
ലുത്തരം പറയുവാനശക്തനായ്! 30

ക്ഷേത്രഫലമനുസരിച്ചു അസമത്വപരിഹാരാർത്ഥം നിശ്ചയിപ്പാൻ 5 സ്ഥാനം ഗവൎമ്മെണ്ടു കൈവശംവെച്ചും ഇങ്ങിനെയാണു് സഭയുടെ പരിപൂൎണ്ണഘടന. ഈ പ്രതിനിധികളാണു് മന്ത്രിമാരെ തിരഞ്ഞെടുക്കുന്നതു്. ഇംഗ്ലണ്ടിലാകട്ടെ, ചരിത്രഗതിയുടെ സാഫല്യംകൊണ്ടു് ഓരോകാലത്ത് ജനങ്ങളുടെ ഇടയിൽ കക്ഷിത്വപ്രതികക്ഷിത്വം ഉണ്ടായിട്ടുണ്ടു്. യാഥാസ്ഥിതികർ, പുരോഗാമികൾ, ഉത്പതിഷ്ണുക്കൾ, തൊഴിലാളികൾ തുടങ്ങിയ നാമധേയങ്ങളാലാണു് ഇവർ അറിയപ്പെടുന്നതു് പ്രത്യേക ആവശ്യമൊന്നുംകൂടാതെ അനുകരണഭ്രമംകൊണ്ടുമാത്രം കക്ഷിതിരിയുക എന്ന കൃത്രിമമായ ഏർപ്പാടിനെ ഇവിടെയും സ്വീകരിച്ചുതായി കാണുന്നുണ്ടു്. എന്താണു് “കൃത്രിമ” മെന്നു പറഞ്ഞതു് എന്നുവെച്ചാൽ രണ്ടുകൂട്ടരുടെ ലക്ഷ്യവും, ഉദ്ദേശവും, നാടും നാട്ടുകാരും നന്നാവണം, ദാരിദ്ര്യം അകലണം, കൃഷി, കൈത്തൊഴിൽ, വാണിജ്യം പുരോഗമിക്കണം, തൊഴിലാളികൾക്കു കാലാനുസരണം കൂലികൂട്ടിക്കൊടുക്കണം, ജനക്ഷേമത്തിന്നു വേണ്ടതെല്ലാം പ്രവൎത്തിക്കണം എന്നും മററും, മററുമാണു്. കേൾവിയിൽ ഒരു കൂട്ടമെങ്കിലും വേണ്ടാത്തതാണെന്നു തോന്നുകയില്ല. ഭരണതന്ത്രവിഷയമായി കാൎയ്യമായ ഒരു ഭിന്നിപ്പും കാണുന്നില്ല. അങ്ങിനെ ഇരിക്കെ ഈ കക്ഷിത്വം വ്യക്തിമത്സരത്തിൽ ദൃഢമൂലമല്ലയോ എന്നു തോന്നിപ്പോകും. പക്ഷെ ചുഴിഞ്ഞുനോക്കിയാൽ കാണാം ഈ കക്ഷിത്വത്തിന്റെ അടിയിൽ ഉറയുന്നതു് എന്താണെന്നു്. ഈ സഭക്കു് ഇപ്പോൾ പലെ അധികാരങ്ങൾ ഉണ്ടല്ലൊ. അധികാരത്തിൽ വന്നാൽ അതിൽനിന്നു പല കാൎയ്യങ്ങളും നേടാം. ആ വക ഗുണങ്ങൾ ഈ കക്ഷിയിൽ പെട്ടവൎക്കേ സിദ്ധിക്കയുള്ളു. നാടിന്റെ നന്മയാണു് പരമലക്ഷ്യമെങ്കിൽ മന്ത്രിപദം ഉൾപ്പെടെയുള്ള ഓരൊ സ്ഥാനത്തിന്നും കക്ഷിനോക്കാതെ യോഗ്യതനോക്കി ആളെ നിശ്ചയിച്ചുകൂടെ എന്ന ചോദ്യത്തിന്നവകാശമുണ്ടു്. കക്ഷിതിരിഞ്ഞിട്ടുള്ള പ്രതിനിധിസഭയിൽ പ്രധാനമന്ത്രിയും മററുമന്ത്രിമാരും നിയമസഭാധ്യക്ഷനും മററും കൂട്ടത്തിൽ പക്ഷമുള്ള കൂട്ടരിൽ നിന്നായിരിക്കുമെന്നു പ്രത്യേകം പറയേണ്ടതില്ലല്ലൊ. മന്ത്രിമാരെ മഹാരാജാവു തന്റെ മന്ത്രിമാരായി സ്വീകരിച്ചു ഭരണമേല്പിക്കും. അവരിൽ വിശ്വാസം കുറഞ്ഞാൽ നിയമസഭയ്ക്കു അവരെ മാററാനും അധികാരമുണ്ടു്. ഭരണവൈശിഷ്ട്യത്തിന്റെ നിദാനം “ഭൂരിപക്ഷഭൂരിസുഖ” മാകയാൽ മന്ത്രിമാരുടെ നിലനില്പും കാലാവധിയും ഭൂരിപക്ഷസമ്മതത്തെ ആശ്രയിച്ചിരിക്കുന്നു. മുമ്പ്, രാജാവു നിശ്ചയിച്ചിരുന്ന ദിവാൻജിമാരുടെ സ്ഥാനമാണ് ഇന്നു് ജനപ്രതിനിധികൾ നിശ്ചയിക്കുന്ന മന്ത്രിമാൎക്കുള്ളതു്. ഇവിടെയാണു് നിയമസഭയ്ക്കു ഇന്നുള്ള രാജാധികാരത്തിന്റെ പരമാവസ്ഥ പൂൎണ്ണസ്വരൂപത്തിൽ കാണുന്നതു്. “പ്രകൎഷേണജായതെ ഇതിപ്രജാപ്രജാസ്യാൽ സന്തതൌജതെ” ഇത്യമരഃ-‘അഥപ്രജാനാമധിപഃപ്രഭാതേ’ എന്നു് കാളിദാസൻ രാജാവിനെ “പ്രജകളുടെ അധിപൻ” എന്നുവിവക്ഷിച്ചിരിക്കുന്നു. ഇന്നു്, പ്രബുദ്ധരായ പൌരന്മാർ തങ്ങളെ ഭരിക്കുന്നതിന്നായി രാജാവിന്നു് മന്ത്രിമാരെ നിശ്ചയിച്ചുകൊടുക്കുന്നു. അവരുടെ ഉപദേശമനുസരിച്ചു ഹിതാനുവൎത്തിയായി രാജാവു് രാജ്യഭരണം നടത്തുകയും ചെയ്യുന്നു. പഴയ ദിവാൻപദത്തിന്റെ സ്ഥാനമാണ് ഇന്നത്തെ മന്ത്രിപദത്തിന്നു എന്നു പറഞ്ഞുവല്ലൊ ഇവിടെ ഒരു താരതമ്യവിവേചനം നടത്താം. ഒരു ദിവാൻജിക്കുതന്നെ നിശ്ചയിച്ച ഒരു രാജാവിന്റെ തൃപ്തിയെ നോക്കിയാൽ മതി. രാജാവു് സ്വാർത്ഥിയും ചപലനും ആയിരുന്നാൽ സ്ഥാനം ഭയങ്കരംതന്നെ. അതാണു് തോലകവി രാജസേവയെ ഭംഗ്യന്തരേണ അപലപിച്ചതു്.

“രാജസേവാമനുഷ്യാണാമസിധാരാവലേഹനം
പഞ്ചാനനപരിഷ്വംഗം വ്യാളീവദനചുംബനം”

ഒരു രാജാവിനെ സേവിക്കുകഎന്നതു്മേല്പറഞ്ഞപ്രകാരം അത്യപകടമാണെങ്കിൽ, ഭിന്നരുചികളും വിവിധതാല്പൎയ്യശാലികളുമായ 58 അധിപന്മാരടങ്ങിയ ഒരു നിയമസഭയെ സേവിക്കുക എന്നതു എത്രയൊ മടങ്ങു വിഷമമേറിയ ഒന്നാണു്. ഈ വൈഷമ്യം തരണംചെയ്യാനുള്ള ഒരൊററമാൎഗ്ഗം, ഭൂരിപക്ഷത്തെയൊ, ഭൂരിപക്ഷപ്രാതിനിധ്യം സിദ്ധിച്ചിട്ടുള്ള കക്ഷിയെയൊ പ്രസാദിപ്പിച്ചുകൊണ്ടിരിക്കുകമാത്രമാകുന്നു.

മന്ത്രിമാരുടെ പ്രവൃത്തികളെക്കുറിച്ചും അവരുടെ ഭരണത്തെക്കുറിച്ചും നിയമസഭയിലെ ഏതൊരംഗത്തിന്നും ചോദ്യങ്ങൾ ചോദിക്കാൻ അവകാശമുണ്ടു്. ഇതു ദുൎമ്മന്ത്രിമാരുടെ വിക്രിയകൾക്കു നല്ലതായ ഒരങ്കുശമാണു്. അവിശ്വാസത്തെ രേഖപ്പെടുത്താനും, ഉപദേശരൂപേണ ആദേശങ്ങൾ കൊടുപ്പാനും നിയമസഭയ്ക്കവകാശമുണ്ടു്. അവരുടെ പ്രവൃത്തികളെ മണ്ഡനപരമായും ഖണ്ഡനപരമായും പരാമൎശിക്കുകയും ചെയ്യാം. നികുതി പിരിക്കുന്നതിന്നും അതു ചെലവിടുന്നതിന്നും

ൻകൂട്ടി ഈ നിയമസഭയുടെ അനുവാദം വാങ്ങണം. അതായത്, ആയവ്യയക്കണക്ക് സഭയിൽ മുമ്പുകൂട്ടി അവതരിപ്പിച്ച് അതിനെക്കുറിച്ചുള്ള വാദപ്രതിവാദങ്ങൾക്ക് ശേഷം സഭയിൽനിന്ന അനുവദിച്ചതൊ, ഭേദഗതി ചെയ്തതൊ പ്രകാരമെ പ്രവൃത്തിച്ചുകൂട. നാട്ടിലെക്കും നാട്ടുകാൎക്കും ക്ഷേമകരവും ദോഷകരവും ആയ ഏൎപ്പാടുകൾ സാമ്പത്തികസ്ഥിതിയെ ആശ്രയിച്ചിരിക്കുന്നതിനാൽ നിയമസഭയുടെ ആണ്ടുതോറുമുള്ള നാലു സമ്മേളനങ്ങളിൽ ഒന്ന ഇതിലെയ്ക്കുമാത്രമായിവെച്ചിട്ടുള്ളതാണ്. ബാക്കി മൂന്ന സമ്മേളനങ്ങൾ പ്രധാനമായി നിയമങ്ങൾ ഉണ്ടാക്കുന്നതിന്നും പൊതുകാൎയ്യവിമൎശനങ്ങൾക്കും മാത്രം ഉപയോഗപ്പെടുത്തുന്നു. ഈവക പരമാധികാരങ്ങൾ കൊടുത്തിട്ടുള്ളത് മഹാരാജാവാകയാൽ സത്ഭരണത്തിന്നുതകാത്തതായ സഭയുടെയും മന്ത്രിമാരുടെയും ഏതുനടവടിയേയും തടയുന്നതിന്ന മഹാരാജാവിന്ന കടശിക്കയ്യായി ഒരധികാരം വെച്ചിട്ടുണ്ട്. എന്നുപറഞ്ഞാൽ, നിയമദ്രഷ്ടാവാ മഹാരാജാവിന്റെ പരമാധികാരത്തിൻകീഴിലാണ ഇന്നും രാജ്യഭരണം നടത്തുന്നത്. സഭയെ പിരിച്ചുവിടാനും ഉപദേശകന്മാരെനിശ്ചയിച്ചു ഭരണം നടത്തുന്നതിന്നും കൂടി മഹാരാജാവിന്നധികാരമുണ്ട്. ജനക്ഷേമത്തെ പുരസ്കരിച്ചും ചുമതലാബോധത്തോടുംകൂടി മന്ത്രിമാർ ഭരിക്കുംകാലം അങ്ങിനെ ഒന്നും ഉണ്ടാവില്ലെന്ന നമുക്കു ഉറപ്പിച്ചിരിക്കാം.

ഇവിടെ ഒരു വിചിന്തനം നടത്തുന്നത് അനുചിതമാവുന്നതല്ല. "സ്വയംഭരണത്തിന്റെ മെച്ചം സൽഭരണത്തിന്നുണ്ടാവുന്നതല്ല. (**Good Government is no substitute for self Government**) എന്ന് സെർ ഹെൻറി കാമ്പൽ ബാനർമാൻ എന്ന ഒരു ആംഗ്ലേയ പ്രധാനമന്ത്രിയും, "സ്വയം ഭരണം നമ്മുടെ ജന്മാവകാശമാണ് **Home rule is our birth right**) എന്ന് ബാലഗംഗാധരതിലകനും പ്രസ്താവിച്ചിട്ടുള്ളത് കേവലം ഒരു രാഷ്ട്രീയഭരണതത്വം എന്നനിലയിൽ ഒരിക്കലും അപവാദനീയമല്ല, പക്ഷെ പ്രയോഗത്തിൽ അത് ശരിയാവുന്നുണ്ടോ എന്ന സംശയിക്കേണ്ടിയിരിക്കുന്നുണ്ട്. ഇത് തിരഞ്ഞെടുപ്പു ചട്ടങ്ങളുടെഒരു ന്യൂനതയാണ്. ഒന്നാമതായി, പ്രായപൂൎത്തിവന്ന ഏവനും "ഒരുവോട്ടു അല്ലെങ്കിൽ "സമ്മതി ശീട്ടു" വെച്ചിട്ടുള്ളത് നോക്കുക. പ്രായപൂൎത്തിവന്നവരിൽ പണ്ഡിതന്മാരും, പാമരന്മാരും ഉണ്ട്. രാജ്യഭരണത്തെക്കുറിച്ചും പൌരാവകാശങ്ങളെക്കുറിച്ചും ഒരു ഗന്ധവുമില്ലാത്തവരല്ലെ അധികം. ഭൂരിപക്ഷാഭിപ്രായത്തിന്ന പ്രാമുഖ്യം കൊടുക്കുമ്പോൾ വസിഷ്ഠന്റെ അഭിപ്രായത്തിന്നും വിഡ്ഢ്യഡ്ഢി) ജളിഹന്റെ അഭിപ്രായത്തിന്നും ഒരേവിലകൊടുക്കുന്നതു ശരിയാണോ. വിവരമില്ലാത്തവരും ബാലന്മാരും സമമല്ലെ അവൎക്ക അവരവരുടെ ഗുണംതന്നെ അറിയാമോ. എന്നിട്ടാണോ ജനസാമാന്യത്തിന്റെ ഗുണം അറിയുന്നത്. അങ്ങിനെയുള്ളവർ ഒന്നുകിൽ അവരുടെ "ഇഷ്ടം" പോലെയുള്ളവൎക്ക സമ്മതം കൊടുക്കും. അല്ലെങ്കിൽ കക്ഷിപിടിച്ചോ പ്രലോഭനങ്ങൾക്കുവഴിപ്പെട്ടോ സമ്മതം കൊടുക്കും. ഒരു ബാലരോഗിക്കു ഇഷ്ടം പാലും പഞ്ചസാരയും ആയിരിക്കും. വൈദ്യൻ വിധിക്കുന്നതു തിക്തകം (കയ്പൻ) കഷായമായിരിക്കും. അതാണ "ഹിതം"—ഗുണകരമായിട്ടുള്ളത്. ഇതിൽനിന്ന ഇഷ്ടവും ഹിതവും തമ്മിലുള്ള അന്തരം അറിയാം. ജനസാമാന്യത്തിന്റെ "ഹിതം" നോക്കി പ്രവൎത്തിക്കുന്ന ആളെ തിരഞ്ഞെടുപ്പാനുള്ള ശക്തി പ്രായപൂൎത്തിവന്ന ഏവനും ഉണ്ടെന്നുള്ള അടിസ്ഥാനംതന്നെ അബദ്ധം എന്ന പറയേണ്ടിയിരിക്കുന്നു. രണ്ടാമതായി, സമ്മതിദാനാവകാശമുള്ള മിക്കവനും നിയമസഭാംഗസ്ഥാനാൎത്ഥിയായി നില്ക്കാമെന്നുള്ളതു എത്രകണ്ടു ശരിയാണ്? മഹത്തും ഗൌരവമേറിയതും വിവിധങ്ങളും ആയ ഭരണകാൎയ്യങ്ങൾ നിൎദ്ദേശിക്കുന്നതിനുള്ള ശേഷിയോ-ശേമുഷിയോ എല്ലാവൎക്കുമുണ്ടോ. ഉണ്ടെന്ന സ്വയം അഭിമാനിച്ച് ചാടിപ്പുറപ്പെടുന്നതുകൊണ്ടുമാത്രം അതുണ്ടെന്ന വരുമൊ. ജനസാമാന്യത്തിന്റെ ക്ഷേമങ്ങൾക്കും ഭാഗധേയങ്ങൾക്കും നിദാനമായ നിയമങ്ങൾ ഉണ്ടാക്കുന്നതിനുള്ള പാണ്ഡിത്യമൊ-സംസ്കാരമൊ- ലോകപരിചയമൊ-കാൎയ്യസ്ഥതയൊ ഇക്കൂട്ടൎക്കുണ്ടോ. ഇതില്ലാത്ത ദൂഷ്യം ഇദാനീന്തനനിയമങ്ങളിൽ പലേടത്തും കാണുന്നുണ്ടെന്ന വിധികൎത്താക്കന്മാർ പലപ്പോഴും പ്രസ്താവിച്ചിട്ടുണ്ട്. വിധികൎത്താക്കന്മാരും നിയമപാലകന്മാരും നിയമബിരുദധാരികളും പണ്ഡിതന്മാരും വേണമെന്നുള്ളതു ഉചിതംതന്നെ. അപണ്ഡിതന്മാരുണ്ടാക്കുന്ന നിയമങ്ങൾ വ്യാഖ്യാനിക്കാൻ പണ്ഡിതന്മാർ വേണമെന്നുള്ളതു ഒരു വൈപരീത്യമല്ലെ? നിയമങ്ങളിലെ സ്ഖലിതങ്ങൾ തീൎക്കാനാണെങ്കിൽ അതു യുക്തംതന്നെ. നിയമസഭാസ്ഥാനാൎത്ഥിയായി ആൎക്കും നില്ക്കാമെന്നവരുമ്പോൾ ഞാൻ, ഞാൻ എന്നുപറഞ്ഞു പലരും ചാടിപ്പുറപ്പെടും. അതിന്ന ഒരു എതിരാളി ഉണ്ടായാൽ ഏതു

വിദ്ധ്വംസനവും സ്ഥാനം കയ്യേറ്റാക്കുവാൻ തുനിയുകയായി. ഭരണം ചെലവിടുകയായി. ഇങ്ങിനെയുള്ളവരുടെ പണം മിക്കവാറും പൂർവ്വികന്മാർ സമ്പാദിച്ചതോ, അനായാസേന ലഭിച്ചതോ ആയിരിക്കും. ഇവരോടു മത്സരിക്കുന്നോ, മാററുനോക്കാനോ വിനയസംസ്കാരാദിഗുണാന്വിതന്മാരായ കാര്യക്ഷമതയുള്ളവർ മിക്കവാറും ഒരുങ്ങുകയില്ല, ഒരുങ്ങിയവർ ചിലപ്പോൾ പിന്മാറുകയും ചെയ്യും. തങ്ങളിൽ എളിയവരോടു മത്സരിക്കുന്നതും, അഥവാ മത്സരിച്ചു ജയിക്കുന്നതും ലാഘവമായി കരുതുന്നവരുമുണ്ടു്. അവരുടെ പ്രമാണം ഇതാണ്.

"വിവാദോനൈവകർത്തവ്യാ കർത്തവ്യശ്ചേത്സമേനവാ
അസമേനവിവാദേനലാഘവം യാസ്യതേപുമാൻ"

ഇങ്ങിനെ ചില വൈപരീത്യങ്ങൾ ഉള്ളതു തീർക്കാതിരുന്നാൽ നിയമസഭയിലേക്കു ഒന്നാംകിടക്കാരെയും രണ്ടാംകിടക്കാരെയും കിട്ടുന്നതല്ല. സ്വയംഭരണം സത്ഭരണത്തിൽനിന്നു അകന്നകന്നു പൊയ്ക്കൊണ്ടേ ഇരിയ്ക്കും.

എന്നാൽ, ഈ ന്യൂനത പരിഹരിക്കുക എന്നതു പ്രയാസമേറിയ സംഗതിയാണ്. ഈയിടെ രാഷ്ട്രീയവാദങ്ങൾ ചെയ്യുന്നതു "മൌലിക"തത്വങ്ങൾ എന്ന ചില സിദ്ധാന്തങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. മനുഷ്യൻ ജനിക്കുന്നതുതന്നെ സമനായിട്ടും സ്വതന്ത്രനായിട്ടുമാണ് എന്നാണ് ഒന്നാമത്തതു്. ഈ തത്വത്തിന്റെ പ്രണേതാവു് ഉദ്ദേശിച്ചിട്ടുള്ളതു "എതൊരാൾക്കും സമത്വത്തിനും സ്വാതന്ത്ര്യത്തിനും ജന്മനാ അവകാശമുണ്ടു്?" എന്നുള്ളതിൽകവിഞ്ഞു് ഒന്നാണെന്നു തോന്നുന്നില്ല. പ്രകൃതിയിലും ലോകത്തിലും ചേതനാചേതനങ്ങളിൽപോലും അസമത്വവും പരാധീനത്വവും ആണ് മികച്ചുനില്ക്കുന്നതു്. മനുഷ്യർ, തിര്യക്കുകൾ, പക്ഷികൾ, ഇഴജന്തുക്കൾ-വേണ്ട, വൃക്ഷലതാദികൾ, നദീപർവ്വതങ്ങൾ, ഭൂവിഭാഗങ്ങൾ, ഇവയിൽ എവിടെയാണ് സമത്വം. ബുദ്ധിശക്തിയും ദേഹശക്തിയും എല്ലാവർക്കും സമമാണൊ. സ്ത്രീ, പുരുഷൻ എന്നു രണ്ടുതരമായുള്ള സൃഷ്ടിവിശേഷം എന്തിനെ ഉദ്ദേശിച്ചും ആശ്രയിച്ചുമാണ്? സമത്വവാദം ഇതോടുകൂടി അവസാനിക്കുന്നില്ല. സമത്വം മേല്പറഞ്ഞ പ്രകാരം സ്വയം സ്പഷ്ടമാകയാൽ പിന്നത്തെവാദം ഈ ഭൂമി ആർക്കും കുത്തകയുള്ളതല്ല. ഭൂമിയും സ്വത്തുക്കളും ആരുടെതായാലും അതെല്ലാവർക്കും അവകാശമുള്ളതാണ്. അലസന്മാരും അകിഞ്ചനന്മാരും ആണ് ഈ സിദ്ധാന്തത്തെ പ്രഖ്യാപനം ചെയ്യുന്നതു എന്നു പറയേണ്ടതില്ലല്ലോ. ജനനിവാസത്തിന്നും കൃഷിക്കുമുള്ള ഭൂമി പരിമിതമാകയാലും ജീവസന്ധാരണത്തിന്നുള്ള വഴികൾ ജനസംഖ്യയോടൊപ്പം വർദ്ധിച്ചുകാണാത്തതിനാലും, ഈവക സിദ്ധാന്തങ്ങൾക്കു കാലാന്തരത്തിൽ ജനസമൂഹത്തിനിടയിൽ ഭൂരിപക്ഷസമ്മതി ലഭിക്കാവുന്നതാണ്. ഈവക സിദ്ധാന്തങ്ങൾ പ്രഖ്യാപനം ചെയ്യുന്നതും വേലചെയ്യാതെ അലഞ്ഞുനടക്കുന്നവരുടെ ഇടയിൽ പ്രചരിപ്പിക്കുന്നതും ജനക്ഷേമത്തെയും സ്വൈരജീവിതത്തെയും ഇല്ലാതാക്കി നാട്ടിൽ പലതരം കുഴപ്പങ്ങൾ ഉണ്ടാവാൻ എടയാക്കുന്നതാണ്.

ഇംഗ്ലണ്ട് മുതലായ പശ്ചിമരാജ്യങ്ങളിൽ പ്രായപൂർത്തിവോട്ടവകാശം ഇന്നുണ്ട്. അതുകൊണ്ടുമാത്രം ഇന്നു് ആ ഏർപ്പാട് നമ്മുടെ ഇടയിൽ നന്നായിരിക്കുമോ. എത്ര ശതാബ്ദകാലത്തെ രാഷ്ട്രീയസമരംകൊണ്ടാണ് ഇംഗ്ലീഷുകാർ പ്രായപൂർത്തിവോട്ടവകാശം സാധിച്ചത്. നമ്മുടെ ഓർമ്മയിലല്ലെ അവിടെ സ്ത്രീകൾക്കു വോട്ടവകാശം കിട്ടിയുള്ളൂ. ആംഗലരാജ്യത്തുള്ള രാഷ്ട്രീയപ്രബുദ്ധതയൊ, പൌരാവകാശബോധമൊ സാമാന്യജനസഞ്ചയത്തിന്നുണ്ടോ. കൊച്ചി തിരുവിതാംകൂറിൽ, ഭാരതത്തിന്റെ മററുഭാഗങ്ങളെ അപേക്ഷിച്ച്, നിരക്ഷരത്വം കുറവാണെന്നഭിമാനിക്കാമെങ്കിലും പാശ്ചാത്യരാജ്യങ്ങളെ അപേക്ഷിച്ചു രാഷ്ട്രീയപ്രബുദ്ധതയിൽ നാം ഇന്നും പിന്നണിയിലാണ് നില്ക്കുന്നത്. അടുത്തു കഴിഞ്ഞ തിരഞ്ഞെടുപ്പിന്നു മുമ്പ് വരെ, ജാതിപിടിച്ചല്ലെ വോട്ടു ചോദിച്ചിരുന്നതും കൊടുത്തിരുന്നതും. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ ജാതിനോക്കാതെ കക്ഷിത്വത്തിന്നു പ്രാധാന്യം കൊടുത്തിരുന്നു. എന്നാൽ ഓരോ കക്ഷിയും നിർത്തിയിരുന്ന ആളുകൾ എല്ലാം കാര്യക്ഷമതയുള്ളവരാണെന്നു നിർമ്മത്സരബുദ്ധിയുള്ളവർ പറയുകയില്ല. ഈ സഭയിൽ ഇരിക്കാനും പ്രവൃത്തിക്കാനും കൂടുതൽ യോഗ്യതയുള്ളവർ പലരും ഈ നാട്ടിലുണ്ടെന്നും അവരെല്ലാം ഇന്നത്തെ സാഹചര്യത്തിൽ തിരഞ്ഞെടുപ്പിന്നു നില്ക്കാതിരുന്നതാണെന്നും സമ്മതിക്കാതെ നിവൃത്തിയില്ല. പൌരാവകാശവും പൌരബാദ്ധ്യതകളും പരസ്പരാനുവർത്തികളല്ലെ. നികുതി കൊടുക്കുന്ന യാതൊരുവനും പറയാം "ഞാൻ തരുന്ന നികുതി ചെലവിടുന്ന കാര്യത്തിൽ എന്റെ അഭിപ്രായം കൂടി കേൾക്കണം". അതുപോലെതന്നെ വിദ്യാഭ്യാസം സിദ്ധിച്ചിട്ടുള്ളവരുടെ അഭിപ്രായത്തിന്നും ഒരു വിലയുണ്ടു്. തൊഴിലാളിസംഘങ്ങൾക്കു തീർച്ചയായും സംവരണാധികാരം കൊടുക്കണം. അതുപോലെ തോട്ടക്കാർക്കും, കച്ചവടക്കാർക്കും, വ്യവസായികൾക്കും കൊടുക്ക

ണം. വക്കീലന്മാൎക്കും, ഡാക്ടൎമാൎക്കും, വൈദ്യന്മാൎക്കും, സൎക്കാരുദ്യോഗസ്ഥന്മാൎക്കും പ്രാതിനിധ്യം കൊടുക്കാത്തതു വലുതായ ന്യൂനതതന്നെയാണ്. നാട്ടിൽ 18വയസ്സ തികഞ്ഞവരുടെ പേരന്വേഷിച്ചറിഞ്ഞ് ഒരു പട്ടിക ഉണ്ടാക്കേണ്ട കാൎയ്യമേ ഇല്ല. വേണമെങ്കിൽ ആവശ്യമുള്ളവർ വന്ന് തന്റെ പേര് പട്ടികയിൽ ചേൎത്തുകൊള്ളട്ടെ എന്നു നിശ്ചയിക്കേണ്ടതെ ഉള്ളൂ. ഇതെല്ലാം ഇന്നത്തെ തിരഞ്ഞെടുപ്പുചട്ടങ്ങളുടെ ചില ന്യൂനതകളാണ്.

പ്രായപൂൎത്തിവോട്ടവകാശത്തിനെ അടിസ്ഥാനപ്പെടുത്തി ഉണ്ടാവുന്ന ഒരു തിരഞ്ഞെടുപ്പിൽ ഭൂരിപക്ഷസമ്മതിദായകന്മാരുടെ അഭിപ്രായമാണ് പ്രബലപ്പെട്ടുനില്ക്കുക. ഒരുദാഹരണം പറയാം. വളരെക്കാലമായി 100ക ക്ക് മാസത്തിൽ 1ക. പലിശവാങ്ങുന്നത് മൎയ്യാദ പലിശതന്നെ എന്ന് വിചാരിച്ചുപോന്നു. ഇന്നു 8ണ. യിൽ കൂടുതൽ പലിശവാങ്ങാൻ പാടില്ലെന്നു ഒരു സാമാന്യനിയമമുണ്ട്. 100ക ക്ക് മാസത്തിൽ 4ണയിൽകൂടുതൽ പലിശവാങ്ങാൻ പാടില്ലെന്നു ഇന്നു ഒരു ബിൽ കൊണ്ടുവന്നാൽ ഭൂരിപക്ഷം അതിനെ അനുസരിക്കും. പലിശ വാങ്ങുന്നതുതന്നെ പാടില്ലെന്നു ഒരു വാദം ഏൎപ്പെട്ടു എന്നിരിക്കട്ടെ. ഒരു തിരഞ്ഞെടുപ്പിന്നു ആ സംഗതിയെ അടിസ്ഥാനപ്പെടുത്തി വോട്ടെടുത്താൽ പലിശ വേണ്ടെന്നു വാദിക്കുന്ന സ്ഥാനാൎത്ഥിക്കാണ് കൂടുതൽ വോട്ടുകിട്ടുക. ഇതെല്ലാം പ്രത്യേകതാല്പൎയ്യങ്ങളെ അടിസ്ഥാനപ്പെടുത്തിയാണ്. ഇതിന്റെ പരോക്ഷഫലം ഇവർ അറിയുന്നില്ല അതവൎക്ക് ദോഷമാണ്. ഇപ്പോൾ വെറുമ്പാട്ടക്കുടിയാന്മാരെയും, കുടികിടപ്പുകാരെയും ഒഴിപ്പിച്ചുകൂടെന്ന ഒരു സാമാന്യനിയമമുണ്ട്. അതുകാരണം ഇപ്പോൾ ഭൂമിഉടമസ്ഥന്മാർ പാട്ടത്തിന്നുകൊടുക്കാതെയും കുടി വെക്കാൻ സ്ഥലം കൊടുക്കാതെയും ആയി. ഭൂരിപക്ഷം ജനങ്ങൾ ഭൂമിയില്ലാത്തവരും കടക്കാരും ആകയാൽ ആണ് നിയമനിൎമ്മാണം ക്രമേണ അവൎക്ക ഗുണകരമായും അത്രത്തോളം ഭൂമിയുടമസ്ഥന്മാൎക്കും മുതലാളിമാൎക്കും ദോഷകരമായും വരുന്നത്. ഒരുകാലത്ത് അല്ലെങ്കിൽ കുറച്ചുകാലമായി ഇക്കൂട്ടരിൽ ചിലർ പല ദ്രോഹങ്ങളും ചെയ്തിരുന്നു. പ്രവൃത്തിഫലങ്ങളാണ് ഈ തിരിച്ചടിക്ക് കാരണം. ഈ രണ്ടുകൂട്ടരുടെയും ഗുണങ്ങൾനോക്കി ഇരുകൂട്ടൎക്കും ജീവിതം സുഖമായി കഴിക്കാവുന്ന പന്ഥാവിൽ കൂടി നിയമനിൎമ്മാണവും രാജ്യഭരണവും നടത്തുന്നതാണ്. രാജ്യത്തിന്നും ജനങ്ങൾക്കും പൊതുവെ ക്ഷേമകരമായിട്ടുള്ളത്.

ഇപ്പോഴത്തെ നിയമസഭയിൽ എതിരഭിപ്രായത്തിന്നു അവകാശമൊ സ്വാതന്ത്ര്യമൊ ഇല്ലാത്തതാണ് വലുതായ ന്യൂനത. "വിവാദമല്ലോതെളിവിന്നുകാരണം

# ശിശു

[സാഹിത്യശിരോമണി, [ശ്രീ. പി. കെ. ഗോവിന്ദപ്പിള്ള, ബി. ഒ. എൽ.]

(കാകളി)

ഇന്നലെയോളവും കാണാത്തനിന്നെയൊ-
ന്നിന്നുകണ്ടത്യുത്സാധീനനാകുന്നു ഞാൻ.
വാസവദിക്കിലാബാലസൂൎയ്യൻകണ-
ക്കാസന്നനായി നീ ദിവ്യതേജസ്സോടും.
വന്നുനീയേതോ മഹാന്ധകാരത്തിൽ നി-
ന്നൊന്നാകിലും തമോഭഞ്ജകനാണുനീ.
ആ ലോകബാന്ധവൻ പോലെ സമുജ്ജ്വലി-
ച്ചാലോകനീയനായ് പാരമുയരുവാൻ
നിന്നുടെ ശൈവിലാസത്തിൻ മഹിമയാൽ
മന്നു ഹാ! ജാഡ്യവിഹീനമായ്ത്തീരുവാൻ
മേലേ വിളങ്ങും ഭവാനെനോക്കിജ്ജനം
ചാലേകരംകൂപ്പിയാഹ്ലാദമാളുവാൻ
ബന്ധുക്കളൊക്കെക്കൊതിപ്പൂ, പരംകൃപാ-
സിന്ധുവാമീശനോടൎത്ഥിച്ചു സന്തതം.
പൊങ്ങുന്ന പൂന്തേൻ നിറഞ്ഞ വികാരങ്ങൾ
മംഗളരൂപ! നിന്നെയോൎത്തിടവെ,
അനൎഘം ഞങ്ങളിൽ മൊട്ടിട്ടുനില്പൂയാ-
ണായിരമായിരം ദിവ്യപ്രതീക്ഷകൾ!
കണ്ണിൽപെടാതെ കിടക്കുന്നു നിന്നിലാ-
ണെണ്ണിയാൽ തീരാതെയുള്ള കഴിവുകൾ!

പക്ഷപാതയജ്ഞാനമതിന്നുഹേതുവാം" അതിനാൽ ഈ ന്യൂനതയെ പരിഹരിക്കുവാൻ വേറൊരുസഭ—ഒരു ഉപരിമണ്ഡലം—കൂടി ആവശ്യമാണെന്നു തോന്നുന്നു. വളരെ രാജ്യങ്ങളിൽ ഈ ഏൎപ്പാട് സ്വീകരിച്ചിട്ടുണ്ട് ഈ സഭയിൽ യാഥാസ്ഥിതികന്മാർ, ഭൂമിഉടമസ്ഥന്മാർ, പണവ്യാപാരികൾ, അഭിഭാഷകന്മാർ, വൈദ്യന്മാർ, വിദ്വാന്മാർ, ഭരണനിപുണന്മാർ ഈ കൂട്ടരുടെ പ്രതിനിധികൾ ആവശ്യമാണ്. ആ വകക്കാരിൽതന്നെ പേരും പെരുമയും ഉള്ളവൎക്കുമാത്രം കടന്നുകൂടുവാനുള്ള ചട്ടങ്ങളും ഉണ്ടായിരിക്കണം. അഭിപ്രായപ്രകടനത്തിന്നു എല്ലാവൎക്കും അവകാശമുണ്ടെന്നു സമത്വവാദികൾകൂടി വാദിക്കുന്നതിനാൽ ഇത് ആൎക്കും വിശ്വസിക്കാവുന്നതല്ല. ഇങ്ങിനെയുള്ള രണ്ടു സഭകളുടെ സംയുക്തസമ്മേളനത്തിൽവെച്ചുണ്ടാവുന്ന തീരുമാനങ്ങൾക്ക വിലയും, നിലയും, ഗൌരവവും കൂടുന്നതാണെന്നു തന്നെയല്ല സ്ഖലിതങ്ങൾ കുറയുവാനും സംഗതിയുമുണ്ട്. ഇതിന്നുപുറമെ മന്ത്രിമാരാകാവുന്നവൎക്കുള്ള യോഗ്യതയും നിൎണ്ണയിക്കണം. ഇങ്ങിനെകൂടി ചില പരിഷ്കാരങ്ങൾ വരുത്തി ഉഭയമണ്ഡലങ്ങളുടെ അഭിപ്രായമനുസരിച്ചുള്ള ഭരണം ജനങ്ങളുടെ ശാശ്വതമായ സുഖത്തിന്നും, ശ്രേയസ്സിന്നും ഉൽകൎഷത്തിന്നും നിദാനമാകാതിരിക്കയില്ല.

ശുഭം.

# രാജൻനമ്പൂരിയെ ആദ്യമായിക്കണ്ടപ്പോൾ.

(ശ്രീ. കോയിപ്പിള്ളി പരമേശ്വരക്കുറുപ്പ്.)

അന്നു ഞാനും, എന്റെ മാന്യസ്നേഹിതനായിരുന്ന കഴിഞ്ഞുപോയ സരസകവി നടുവത്തു പത്മനാഭമേനോൻ (ബി. എ, ബി. എൽ.) അവർകളും കൂടി കൊടുങ്ങല്ലൂർ പുത്തൻകോവിലകത്തു ചെന്നിട്ടാണ് ആദ്യമായി ആ അഭിവന്ദ്യകവിയെക്കണ്ടതു്. പരേതനായ മഹാകവി കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സിലെ സ്മാരകമായി "കേരളവ്യാസൻ" എന്ന മലയാളമാസിക പുറപ്പെടുവിക്കുവാൻ ഒരുവിധം ശ്രമം ചെയ്തുകൊണ്ടിരിക്കുമ്പോഴാണ്, 1089 മേടത്തിലാണെന്നു തോന്നുന്നു, അദ്ദേഹം (രാജൻനമ്പൂരി) അവിടെ വന്നിട്ടുണ്ടെന്നു ഞങ്ങൾ അറിഞ്ഞതും, ഒരു കവിത അവിടുത്തോടു് ആവശ്യപ്പെടണമെന്നു ഞങ്ങൾ ആശിച്ചതും. ഞങ്ങൾ അന്നു് ഉച്ചതിരിഞ്ഞു പുത്തൻകോവിലകത്തുള്ള പഴയ ബങ്കളാവിൽ ചെന്നപ്പോൾ, അവിടെ കഴിഞ്ഞുപോയ കവിസാർവ്വഭൗമൻ കൊച്ചുണ്ണിത്തമ്പുരാൻ തിരുമേനിയുമായി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു അദ്ദേഹം. കവിസാർവ്വഭൗമന്റെ മുറിയിൽ ഒരു പുൽപ്പായയിൽ കിടന്നിരുന്ന അദ്ദേഹത്തിന്റെ ചുറ്റും, കോവിലകത്തു സംസ്കൃതം പഠിച്ചു താമസിച്ചിരുന്ന പല നമ്പൂതിരിമാരും, വിശേഷിച്ചു വലിയ ഒരു വിദ്വാനായിരുന്ന (വ്യാകരണത്തിൽ പ്രത്യേകവിദഗ്ദ്ധനായ) വലിയ കുഞ്ഞൻതമ്പുരാൻ തിരുമനസ്സുകൊണ്ടും ഇരിക്കുന്നുണ്ടായിരുന്നു. കേവലം "ഗുരുകുല"മായിത്തന്നെ കരുതപ്പെടാവുന്ന ആ പുണ്യസ്ഥാനത്തു ഞങ്ങൾ ചെന്നതു പലവിധത്തിലുള്ള ആശങ്കകളോടും പരിഭ്രമത്തോടും കൂടിയാണ്. കാരണം, ആ സുപ്രസിദ്ധവിദ്വാന്മാരിരുന്നു ഗൗരവാവഹമായ പല കാര്യങ്ങളും സംസാരിക്കുമ്പോൾ അല്പജ്ഞരും, കേവലം യുവാക്കളുമായ ഞങ്ങൾക്കു അവിടെപ്രവേശിപ്പാൻ ധൈര്യമില്ലായിരുന്നതുതന്നെ. എങ്കിലും, ആ മഹാശയന്മാർ ഞങ്ങളുടെ ബാലചാപല്യം ക്ഷമിക്കുമെന്നു ഞങ്ങൾ അനുമാനിച്ചു രാജൻനമ്പൂരിയെയും, വിദ്വൽകുലകൂടസ്ഥന്മാരായ തമ്പുരാക്കന്മാരേയും യഥോചിതം അഭിവാദ്യം ചെയ്തു. ഞങ്ങളെക്കണ്ടമാത്രയിൽ, കവിസാർവ്വഭൗമൻ, രാജൻനമ്പൂരിയോടു ഇപ്രകാരം പറഞ്ഞു:—"രാജനുമായി ഇവർ പരിചയപ്പെട്ടിട്ടില്ല. കുഞ്ഞിക്കുട്ടന്റെ സ്മാരകമായി ഒരു മലയാളമാസികപുറപ്പെടുവിക്കുവാനുള്ള ഉദ്ദേശമാണ് ചെറുപ്പക്കാരായ ഈ

എത്രസദാശയ, യെത്ര സംഭാവ്യത,
ചിത്ര, മുറങ്ങുന്നു നിന്നിലുണരുവാൻ!
നിന്നന്തരാത്മനി വൈദഗ്ദ്ധ്യമെത്രയോ
മിന്നുന്നു വിശ്വത്തെ വിസ്മയിപ്പിക്കുവാൻ!
അങ്ങനെയുള്ളൊരു ദിവ്യതയാണു നീ
മംഗളാരമ്യമഹാബിന്ദുവാണു നീ.

ശ്രീതാവുമോമലേ! നിന്നെ നോക്കീട്ടനി-
ത്തേതാനമാണ്ടുകൾക്കപ്പുറത്തെത്തി ഞാൻ.
ആഹന്ത! ജീവിതായോധനത്തിൽ ജയ-
കാഹളമേററം മുഴക്കിനില്ക്കുന്നു നീ.
മൊട്ടുകളായിക്കിടന്ന കഴിവുക-
ളൊട്ടുക്കുമേററം വികസിച്ചകാരണം
ആമോദമെങ്ങും പരന്നു ജനാളിയാ-
ലാസേവ്യയായി വിളങ്ങുകയാണു നീ.
പണ്ടുള്ള തീപ്പൊരിയിന്നു ഭീമാനലൻ,
പണ്ടത്തെയങ്കുരമിന്നു മഹാദ്രുമം,
പണ്ടത്തെമൊട്ടിന്നൊരുൽഫുല്ലസൂന, മ-
ച്ചന്ദ്രകലയിന്നു പൂർണ്ണസുധാകരൻ!

ഏവം പ്രതിക്ഷണയെപ്പാരം വിടർത്തി നീ
പാവനം നില്ക്കുമക്കാഴ്ച കാണുന്നു ഞാൻ
ഓമനപ്പൈതലേ! നീ ജയകാഹളം
ഭൂമയിലേററം മുഴക്കി ഗംഭീരമായ്
മുന്നോട്ടുപോകുക ധീരഹൃദയനായ്-
പിന്നോട്ടുകാലടിയൊന്നു വെച്ചീടൊലാ.
നിന്നുടെ ലീലാവിഹാരം ജഗത്തിനൊ-
ന്നുന്നതാനുഗ്രഹം തന്നെയായീടണം.
പാരം ഭവാതപഖിന്നരാം മർത്ത്യർക്കു
"പാരിജാത"ച്ഛായയായീടണം ഭവാൻ.

ആരമ്യ! വൈഷമ്യമാർന്നനിൻ യാത്രയിൽ
തേരാളിയാകട്ടെ ലോകൈകനായകൻ.
എന്നാൽ സകലവിഘ്നങ്ങളുമററുപോ-
മെന്നും വിജയനായ്ത്തന്നെ നീ മിന്നിടും.
ചേതോഹരം നിൻ വിജയഘണ്ടാസ്വന-
മേതുനേരത്തും ശ്രവിക്കട്ടെ ഞാൻ, ശുഭം!

സാഹിത്യപ്രണയികൾക്ക് ഞാൻ എന്തെങ്കിലും എഴുതികൊടുക്കാമെന്നേററിട്ടുണ്ട്. ഇത്രയും പറഞ്ഞാൽ മതിയല്ലൊ." കവിസാർവ്വഭൗമൻ ഇത്രത്തോളം ഞങ്ങളുടെ ആഗ്രഹപരിപൂർത്തിക്കായി കേവലം ശുപാർശയെന്നനിലയിൽ പറഞ്ഞുകഴിഞ്ഞപ്പോൾ, അദ്ദേഹം(രാജൻ നമ്പൂരി)ഞങ്ങളെ ഒന്നു നല്ലവണ്ണം പുഞ്ചിരിയോടുകൂടി നോക്കി ഉത്തരത്തിൽ (കവിസാർവ്വഭൗമനോടു) മറുപടി പറഞ്ഞു:—"ഈ ചെറുപ്പക്കാർ എന്നുമാത്രം പറഞ്ഞാൽ പോരാ, ഇവരുടെ പൂർണ്ണവിവരം മനസ്സിലാക്കിത്തരു". ഉടനടി കവിസാർവ്വഭൗമൻ, "ഈ കുടമക്കാരൻ (അന്നു ഞാൻ ക്രോപ്പാകരനല്ല) ഞങ്ങളുടെ ഒരു പ്രത്യേകാശ്രിതനും കവിതാവാസനക്കാരനുമായ കോയിപ്പിള്ളി പരമേശ്വരനാണ്; ക്രോപ്പുകാരൻ ബി. എൽ. പരീക്ഷ പാസ്സായിട്ടുള്ള മറെറാരു സാഹിത്യപ്രണയി ആയ നന്ത്യേലത്തു പത്മനാഭനാണ്" എന്നും മററും സ്നേഹപൂർവ്വം ഞങ്ങളെപ്പററി ഫലിതസമേതം വിവരിച്ചു. അതിന്നു മറുപടി രാജൻനമ്പൂരി പറഞ്ഞതു് ഇങ്ങിനെയാണ്:—"ഈ രണ്ടു യുവകവികളെയും, "കവനകൌമുദി"വഴിയായും മററും ഞാൻ മുമ്പുതന്നെ മനസ്സിലാക്കിയിട്ടുണ്ട്. ഇവർ ഉത്സാഹശീലരാണ്, സംശയമില്ല. പ്രത്യേകിച്ചുകൊച്ചുണ്ണിത്തമ്പാൻറയും മററും ആശ്രിതരും ഒരു സദൃശതോടുകൂടിവന്നവരുമാകയാൽ എനിക്കു വളരെ സന്തോഷമായി. എന്താണു ഞാൻ ആദ്യമായി ഇവർക്കു കൊടുക്കേണ്ടതു്? ഇപ്പോൾ എൻറ പക്കൽ ഒരു കാവ്യം മുഴമിക്കാതെ ഇരിപ്പുണ്ട്.

"ശ്രീനാരദാഖ്യമുനികാമിനിയായവൃത്തം
ഞാനാദരേണ പറയാമറിവുള്ളമട്ടിൽ"

എന്ന മുഖവുരയോടുകൂടി "നാരദോപാഖ്യാനം" ഇവർക്കു കൊടുക്കാം. പക്ഷെ, അതു ക്രമേണ മുഴമിക്കാനെ സാധിക്കു." രാജൻനമ്പൂരി വാത്സല്യപൂർവ്വം ഞങ്ങളെ ഇങ്ങിനെ അനുഗ്രഹിക്കുവാൻ തയ്യാറായപ്പോൾ, കവിസാർവ്വഭൗമൻ മറുപടി പറഞ്ഞതു ഇപ്രകാരമാണ്:- "അപ്പ, രാജൻ, അതു എഴുതിക്കഴിഞ്ഞേടത്തോളം ഒന്നു വായിച്ചുകേൾക്കട്ടെ. എന്താണിത്ര സ്വാർത്ഥം? കവിതാമൃതം എനിക്കുകൂടി കുറെ പകർന്നുതരുവാൻ അങ്ങയ്ക്കു, വിശേഷിച്ചു ഒരു മഹിസുരാഗ്രഗണ്യനായ അങ്ങയ്ക്കു, വൈമനസ്യമോ? കവിതവായിക്കു. മടിയൊന്നും വേണ്ട." കവിസാർവ്വഭൗമൻ കനിഞ്ഞുകൊണ്ടിങ്ങിനെ പറഞ്ഞപ്പോൾ, "ഇതാ, ആ കാവ്യം ഇവരിലൊരെങ്കിലും വായിക്കട്ടെ" എന്നു പറഞ്ഞുകൊണ്ടു രാജൻനമ്പൂരി പ്രസ്തുത കവിത എടുത്തുപുറത്തിട്ടു. "എന്നാൽ പരമേശ്വരൻതന്നെ ഒന്നു വായിക്കട്ടെ" എന്നായി കവിസാർവ്വഭൗമൻ. "കല്പനപോലെ" എന്നു വണക്കത്തോടെ പറഞ്ഞുകൊണ്ടു ഞാൻ ആ മനോഹരകാവ്യം വായിപ്പാനും തുടങ്ങി. ഏതു കവിയോടും കവനവിഷയത്തിൽ സാഹിത്യപരമായിക്കാണുന്ന വിശേഷാർത്ഥങ്ങളെപ്പററിയും മററും പ്രത്യേകം വാദിപ്പാനും, ആവക കവനങ്ങളിലന്തർഭവിച്ചിട്ടുള്ള വ്യംഗ്യാർത്ഥങ്ങളെപ്പററി കൂടുതൽ വിദഗ്ദ്ധതയോടെ പ്രതിപാദിപ്പാനും കവിസാർവ്വഭൗമനെപ്പോലെ പാടവവും, പഠിപ്പുമുള്ള കവിവര്യന്മാർ അക്കാലത്തുണ്ടായിരുന്നില്ല. ഇക്കാലത്തും ഇല്ലെന്നുകൂടി ഇവിടെ പറയുന്നതു അസ്ഥാനത്തിലല്ലെന്നു പറഞ്ഞുകഴിയു. ഞാൻ പ്രകൃതകാവ്യം വായിച്ചുതുടങ്ങി. ചില പദ്യങ്ങളെപ്പററി കവി സാർവ്വഭൗമൻ കാവ്യകർത്താവിനോടു പ്രത്യേകിച്ചു ചോദിപ്പാനുമിടയായി. ആ മഹാകവികളുടെ അത്തരത്തിലുള്ള സരസസാഹിത്യസംഭാഷണം കേട്ടുരസിപ്പാൻ അവിടെ സാഹിത്യത്തിൽ അഭിരുചിയുള്ള പലരും വന്നുചേർന്നുതുടങ്ങി. വിദ്വാൻ കുഞ്ഞൻതമ്പുരാൻ തുടങ്ങിയ മഹാശയന്മാർ തലകുലുക്കി രസിക്കയും ചെയ്തുകൊണ്ടിരുന്നു. പല പദ്യങ്ങളും വായിച്ചു പലേ അഭിപ്രായങ്ങളും കവിസാർവ്വഭൗമൻ പുറപ്പെടുവിച്ചു. പക്ഷെ, കൂടുതൽ രസപ്രദമായതു്,

"പൊറൈമണിദചിതയമേന്തിയലങ്കരിച്ച
താകൈകൾകൊണ്ടൊരുഘനസ്തനികെട്ടിടുന്നു
കൊങ്കക്കുടങ്ങളുലയുംപടിമററൊരോമൽ-
ത്താകത്തളക്കുഴലിരട്ടിവലിച്ചിടുന്നു"

എന്നപദ്യം വായിച്ചപ്പോഴാണ്. "വൈകുണ്ഠവർണ്ണന"യിലെ ഒരു പദ്യമാണിത്. ഈ പദ്യത്തെപ്പററി രാജൻനമ്പൂരിയോടു കവിസാർവ്വഭൗമൻ ചോദിച്ചതിങ്ങിനെയാണ്:-"എന്താ, വയസ്സായാലും ശൃംഗാരത്തിൽ കൂടുതൽ പ്രസക്തിയാണു രാജൻ പ്രകടിപ്പിക്കുന്നതല്ലെ. വൈകുണ്ഠവർണ്ണന വായിച്ചേടത്തോളം വിശേഷമായിട്ടുണ്ട്. ഞാൻ വളരെയൊക്കെ വാദിക്കയോ, പ്രസംഗിക്കയോ ചെയ്യുന്നില്ല. പക്ഷെ, "ഘനസ്തനികെട്ടിടുന്നു" എന്നു പ്രത്യേകിച്ചു പ്രയോഗിച്ചുവല്ലൊ. അതിന്നെന്താണു പ്രത്യേകപ്രസക്തി?" ഗൌരവംവിടാതെ കവിസാർവ്വഭൗമൻ ഇങ്ങിനെ ചോദിച്ചപ്പോൾ, കാവ്യകർത്താവു പുഞ്ചിരിക്കൊണ്ടുകൊണ്ടു പറയാൻതുടങ്ങി:-

"കൊച്ചുണ്ണിത്തമ്പുരാൻ പണ്ടത്തെമാതിരി കവികളെ മുള്ളുകളെ വെളിച്ചത്താക്കുവാൻ ഇന്നും ഒരു ക്ലേശവുമില്ല. "ഫലനസ്തനി കേട്ടിട്ടുണ്ട്" എന്നു ഞാൻ പ്രയോഗിച്ചു. കൊട്ടിന്റെ ശക്തി കൂട്ടുന്നതിനാണു വ്യംഗ്യരൂപത്തിൽ "ഫലനസ്തനി" എന്നു പ്രയോഗിച്ചതു്. അത്രമാത്രമേയുള്ളൂ.

"കുത്താടിട്ടുന്ന കുസുമാംഗികളിപ്രകാര-
മാത്താരാക്ഷന്നു മന്ദിരമായതികൾ"

എന്നും ഇവിടെ വായിച്ചല്ലോ കൃതിയിന്നു ശൃംഗാരപരമായി വേണ്ടവിധത്തിലുള്ള ചട്ടങ്ങൾ ഞാൻ തയ്യാറാക്കിയെന്നേയുള്ളൂ. രാജൻനമ്പൂരിയുടെ ഫലിതമയമായ മറുപടി കേട്ടപ്പോൾ, "ശരി, എന്നാൽ ഇന്നു കവിധർമ്മമർമ്മജ്ഞന്മാരെന്നു നടിക്കുന്ന പല സാഹിത്യനിരൂപകന്മാരും ഈവക പ്രയോഗം, ഒരുപക്ഷെ, ഗ്രാമ്യമെന്നും മറ്റും പറഞ്ഞേക്കാം. യഥാർത്ഥശൃംഗാരമാണിതിലെല്ലാം അന്തർഭവിച്ചിരിക്കുന്നതു്. ഇങ്ങിനെയുള്ള പ്രയോഗങ്ങൾക്കു ശൃംഗാരാഭാസമെന്നു സാഹിത്യവിദഗ്ദ്ധരല്ലാത്തവർ—കേവലം നിരൂപകവേഷം കെട്ടി—പുലമ്പുവാൻ തുടങ്ങിയിട്ടുള്ള ഒരു കാലമാണിതു്. അതാണു ഇങ്ങിനെയുള്ള പ്രയോഗം ഇന്നത്തെ പല പരിഷ്കാരികൾക്കു നെററിചുളിക്കുവാൻ വഴിയാകുമെന്നു ഞാൻ സൂചിപ്പിക്കുന്നതു്. സാരമില്ല, പഴമക്കാരായ നമുക്കു ഈവക പ്രയോഗമൊക്കെ സാഹിത്യത്തിന്റെ യഥാർത്ഥലക്ഷണങ്ങളാകുമ്പോൾ സാധൂകരിക്കാം. അതിനാൽ, കൂസൽകൂടാതെ ഇങ്ങിനെ തട്ടിവിട്ടതു നന്നായി എന്നാണു ഞാൻ തുറന്നു പറയുന്നതു്." കവിസാർവ്വഭൗമന്റെ ഈ അഭിപ്രായം കേട്ടപ്പോൾ എല്ലാവർക്കും പ്രത്യേകരസത്തിന്നിടയായി.

അങ്ങിനെ ആ കാവ്യം എഴുതിത്തീർന്നിട്ടുള്ള ഭാഗം മുഴുവനും അവിടെവെച്ചു വായിക്കപ്പെട്ടശേഷം അതു (കാവ്യം) അനുഗ്രഹബുദ്ധ്യാ രാജൻനമ്പൂരി ഞങ്ങൾക്കു തന്നു. അദ്ദേഹം ചെറുപ്പക്കാരായ ഞങ്ങളെ (അന്നു കേവലം യുവാക്കന്മാരായ ഞങ്ങളെ) സാഹിത്യധർമ്മത്തിന്നാസ്പദമായ പല സംഗതികളും എടുത്തുപറഞ്ഞു സന്തുഷ്ടരാക്കുകയും ചെയ്തു.

"ശ്രീനാരദോപാഖ്യാനം" മുക്കാൽഭാഗവും അന്നു ഞങ്ങൾ പുറപ്പെടുവിച്ചിരുന്ന "കേരളവ്യാസൻ" മാസികയിൽ പ്രസിദ്ധപ്പെടുത്തിയിട്ടുണ്ട്. യഥാർത്ഥസാഹിത്യകാരന്മാർ പ്രസ്തുത കാവ്യത്തിന്റെ രസികതയെപ്പററി പ്രത്യേകം സമ്മതിച്ചിട്ടുമുണ്ട്.

രാജൻ നമ്പൂരിയെ പിന്നീടും കാണ്മാനിടവന്നതിനെയും, അദ്ദേഹത്തിന്റെ കവനകലാനിപുണതയെയും, ഫലിതപ്രയോഗസാമർത്ഥ്യത്തെയും മറ്റും പററി വഴിയെ വിവരിക്കുന്നതാണ്.

# ശ്രീ ശങ്കരാചാര്യർ.

(ശ്രീ എം. ആർ. കൃഷ്ണവാര്യർ, ബി. എ, എൽ. ടി.)

വ്രതാനുഷ്ഠാനം.

അസന്താനതാക്ഷേപവിക്ഷേപണത്താ-
ലസഹ്യാധിബാധിച്ചൊരന്തർജ്ജനങ്ങൾ,
പ്രസന്നപ്രീതിസമ്പാദനാർത്ഥം, ഗിരീശ-
പ്രസന്നപ്പണംചെയ്തു, സേവാബലത്താൽ. 1

ടിപ്പണി:—അസ..പണം—സന്താനമില്ലെന്നുള്ള ആക്ഷേപമാകുന്ന വിക്ഷേപണം (ഏറ്); അതായതു് വന്ധ്യ (മച്ചി) എന്ന് പലരും ആക്ഷേപിച്ചു വിളിക്കയാൽ ഒരന്തർജ്ജനങ്ങൾ—ഒരു എന്നതിന്റെ കൂടെ "അന്തർജ്ജനങ്ങൾ" എന്ന പ്രയോഗം "പൂജകബഹുവചനം" മാത്രം. പ്രസന്നപ്രീതി-ർത്ഥം—സന്തുഷ്ടി സമ്പാദിക്കുന്നതിനായി. "ഗിരീശ...ചെയ്തു"—ശിവനെ സന്തുഷ്ടിയുണ്ടാക്കി. സേവാബലത്താൽ-ശിവഭജനംവഴിയായി.

അപത്യാഭിലാഷ വ്രതാന്ത്യത്തി, ലാത്മ-
പ്രപന്നാനുകമ്പാർദ്രനായി, ക്കിനാവിൽ,
സ്വപത്നീസമക്ഷം നയ്യന്നുകാണായിതുദ്യൽ-
കപർദ്ദിസ്വരൂപപ്രഭാപുണ്യമാരാൽ. 2

വരദാനം

"സുഗർഭം ധരിച്ചെന്റെ ഭക്ത, തപദീയ-
പ്രഗത്ഭാത്മസൗഭാഗ്യപുണ്യോദയത്താൽ,
പ്രഗണ്യപ്രശസ്തിക്കു പാത്രീഭവിക്കും
ജഗത്തും ബ, നീനന്ദനാനന്ദലാഭാൽ. 3

സുരേശായുധാരാതിയാശിസ്സു,സമ്യക്-
ശിരോദത്തഹസ്താരവിന്ദാഭനായി,
സുരേശായതാക്ഷിക്കുനൽകി, ക്ഷണത്തിൽ
തിരോധാനവും ചെയ്തുതീർത്ഥാത്മമാംഗൻ. 4

അവതാരം.

പ്രസൂനാംഗിദേവിക്കു,ദിവ്യാഭിരാമ-
പ്രസൂതിപ്രകാശസ്ഫുരല്ലക്ഷണങ്ങൾ,
സുസൂക്ഷ്മക്ഷണം കൊണ്ടുകണ്ടു; തദാനീ-
മസൂയാകുലാപൂർണ്ണദോഷാജനങ്ങൾ. 5

അവിശ്രാന്തമാം ഭക്തിയോട്ടും, പ്രരൂഢ-
പ്രവിശ്വാസപൂർവ്വം ശിവാനുഗ്രഹത്തിൽ
സുവിപ്രാംഗനാമൗലിവാണാൾ; സ്വയംഭൂ-
പവിത്രാവതാരം ഭവിച്ചു, ജഗത്തിൽ. 6

*പെരുംവാഹിനിക്കുള്ള തീരത്തു, നാനാ-
തരുശ്രീലതാമണ്ഡിതഗ്രാമഭൂവിൽ,
പുരബ്രഹ്മതേജോമയാവാസ്യാലയത്തിൽ (7
കുരുത്താൺകിടാവേ, തൊഴുന്നേൻ, തൊഴുന്നേൻ

* പെരിയാർ

* കഴിഞ്ഞലക്കത്തിലെ "ശ്രീരാമകൃഷ്ണപരമഹംസൻ" എന്ന കവിതയിൽ ഫലശ്രുതിയിൽ രണ്ടാംപാദത്തിൽ ഇങ്ങിനെ തെറ്റിയിരുന്നു. "ജയം ഖനമേചരന്തു" വെന്നല്ല "ജയം വന്നുചേരുന്നു" വെന്നാണ്. മാന്യവായനക്കാർ തിരുത്തിവായിക്കുമല്ലോ. പം. പ.

ചെറുകഥ.

# മാതൃക.

(ശ്രീ. കീഴേപ്പാട്ട് ഉണ്ണികൃഷ്ണമേനോൻ, ബി. എ, ന്യൂദൽഹി)

മണിക്കൂറിൽ മുന്നൂറിലധികം നാഴിക വേഗത്തിൽ പറക്കുന്ന വമ്പിച്ച വിമാനങ്ങളുടെ അത്യാശ്ചര്യകരമായ ദ്രുതഗതികൂടി മനോവേഗതയുടെ എത്ര തുച്ഛമായൊരംശം മാത്രം! ലണ്ടനിലെ വിസ്തീർണ്ണമായ ആ വിമാനത്താവളത്തിൽനിന്നു വിമാനം ഉയർന്നുകഴിഞ്ഞിട്ടേ ഉള്ളു. അപ്പോഴേയ്ക്കു സുന്ദർസിങ്ങിന്റെ മനസ്സ് പഞ്ചാബിൽ ലാഹോറിന്നടുത്തുള്ള ആ കുഗ്രാമത്തിലെത്തിക്കഴിഞ്ഞു. മൂന്നുകൊല്ലംമുമ്പ് ഉപരിപഠനാർത്ഥം വിദേശത്തിലേയ്ക്കു പോയ ആ സിക്ക് യുവാവ്, എന്തെല്ലാം മധുരപ്രതീക്ഷകളോടുകൂടിയാണ് തന്റെ നാട്ടിലേക്കു മടങ്ങുന്നത്. തന്നെ ജീവനെപ്പോലെ സ്നേഹിക്കുന്ന മാതാപിതാക്കന്മാരെ കാണുവാനുള്ള തിടുക്കമോ, തന്റെ കൊച്ചനുജത്തിയുടെ കിളിക്കൊഞ്ചൽ കേൾക്കുവാനുള്ള വെമ്പലോ, ഏതാതാണയാളുടെ മനസ്സിനെ അങ്ങിനെ കുരങ്ങുകളിപ്പിച്ചിരുന്നതാവോ? എന്നാൽ അവരിൽനിന്നെല്ലാം അകന്നു, തന്റെ ഭവനത്തിന്റെ പടിഞ്ഞാറുവശത്തായി സ്ഥിതിചെയ്തിരുന്ന മറെറാരു ഭവനത്തിലെ ഒരു കൊച്ചുമിടുക്കത്തിയുടെ അടുക്കലേയ്ക്കു് അയാളുടെ മനസ്സു പാഞ്ഞതിൽ നാം അത്ഭുതപ്പെടേണ്ടതില്ല. അയാളും യുവാവല്ലേ? മീനാകുമാരി- അതാണവളുടെ പേർ. സുന്ദർ തന്റെ കാമുകിയെ ഓർത്തു ഏററവും സന്തുഷ്ടചിത്തനായി. അങ്ങിനെ, അടക്കാൻ കഴിയാത്ത ആഹ്ലാദം ആയാളെ വലയംചെയ്തു കഴിഞ്ഞിരുന്നു.

ഭാരതത്തിന്റെ രാഷ്ട്രീയമായ ശസ്ത്രക്രിയയ്ക്കു ദൃക്സാക്ഷിയാകുവാൻ സംഗതി വന്നിട്ടില്ലെങ്കിലും, പ

തദീയാവതാരത്തിലഭ്യാശഗംഗാ-
നദീദേവികല്ലോലകോലാഹലത്താൽ,
സുദീർഘാലാത്മഗീതങ്ങൾപാടി; പ്രഭാതം
പ്രദീപങ്ങളാലന്ധകാരം തകർത്തു 8
പതംഗങ്ങൾപാടിക്കളിച്ചു; സമീപ-
സ്ഥിതക്ഷേത്രഘണ്ടാവിശേഷം ധ്വനിച്ചു;
സ്വതസ്സൂനസൗരഭ്യമെങ്ങും തഴച്ചു;
സ്വതന്ത്രാനിലൻ മന്ദമന്ദം ചരിച്ചു. 9
സ്വതാതാവതാരത്തിലന്തർജ്ജനം, സം-
ഭൃതാനന്ദരോമാഞ്ചമഞ്ചാതണിഞ്ഞു;
പിതാവാത്മഹർഷാശ്രുസമ്പന്നവർഷാ-
മൃതാപ്ലാവനത്താൽ മൃജാഭിഖ്യനായി. 10

സ്വ...താരം—തന്റെ താതന്റെ (വത്സന്റെ—കുഞ്ഞിന്റെ) അവതാരം. മൃജാഭിഖ്യൻ—ദേഹശുദ്ധിയാൽ ശോഭയുള്ളവൻ.

ക്ലേശാനുഭവം.

*ദരിദ്രാർത്തിയാർന്നുള്ള മാതാപിതാക്കൾ-
ക്കിരിക്കാൻ ഗൃഹംപോലുമില്ലാത്തമട്ടിൽ
ഇരിക്കെ, കുമാരന്റെ സംരക്ഷണത്തിൽ
പരിക്ലേശമത്യന്തമുണ്ടായിരുന്നു. 11

ദരിദ്രനുള്ള ആർത്തി അതായതു ദാരിദ്ര്യാർത്തിതന്നെ.

സ്വവർഗ്ഗീയരാമാഢ്യർ, ഏതാണ്ടുദോഷം
പ്രവർത്തിച്ചപോലിക്കുടുംബത്തെയാരാൽ
പ്രവർജ്ജിച്ചമൂലം, മനഃക്ലേശഭാരം
പ്രവർദ്ധിച്ചു സാധുക്കളാഹന്ത! വാണു. 12
കൃതാമിത്രവിദ്വേഷജാതങ്കശല്യം
പിതാവിന്റെ ആരോഗ്യഹാനിക്കുമേന്മേൽ
ശിതാസ്ത്രാഗ്രമായിട്ടുതീർന്നദ്വിജന്മാ-
കൃതാന്താശ്രമത്തിൽ സ്വയം ചെന്നുചേർന്നു. 13
നിരാലംബയായ്ത്തീർന്നമാതാവു, നാനാ-
ദുരാചാരവർഗ്ഗീയദുശ്ശാസനത്താൽ,
*സ്വരാതിദ്വിജഭ്രഷ്ടയായി, സ്വഗേഹ-
സ്ഥിതം വാസമില്ലാതെ വല്ലാതുഴന്നു. 14

സ്വരാതിദ്വിജഭ്രഷ്ട—സ്വ(തന്റെ) രാതി(ബന്ധു) ദ്വിജന്മാരാൽ ഭ്രഷ്ടയാക്കപ്പെട്ടവൾ. രാതിയുടെ വിപരീതപദം അരാതിയെന്നോർക്കുക.

സവർണ്ണാഢ്യനിഷ്കാസനത്തിൽ, സുവർണ്ണ-
സ്ത്രവർണ്ണാംഗസാധുക്കളാരോസഹായം
അവസ്ഥാനുസാരം തദാചെയ്തു; ജാതി-
വ്യവസ്ഥാവിശേഷങ്ങളെന്നു വിചിത്രം! 15

വിദ്യാഭ്യാസം

നിരാശപ്പെടാതല്ലിതെന്നാലു, മന്നാ-
ളൊരാചാര്യഗീർവ്വാണവിദ്യാലയത്തിൽ,
പരാപേക്ഷകൂടാതെചേർന്നു പഠിച്ചു,
നിരാക്ഷേപമുത്സാഹപൂർവ്വം കുമാരൻ. 16
"അപര്യാപ്തമാം ദക്ഷിണത്തോടു, വാണീ-
സപര്യാശ്രമം, ലാലനാദരാഗ്ദാർഢ്യം
വിപത്തിൽ ഭരിപ്പിക്കും"-എന്നീഭവിഷ്യ-
ദ്വിപശ്ചിത്തുകാണിച്ചദൃഷ്ടാന്തമായി. 17
അയി! ജ്ഞാനസമ്പാദനത്തിൽപ്രയത്നി-
ച്ചുദിത്തായിവേരാകുമാരോഗ്യമന്നാൾ,
ക്ഷയിച്ചെങ്കിലും, താവകീയാഭിലാഷം
ജയിച്ചു; ഭവാൻ പണ്ഡിതശ്രേഷ്ഠനായാൻ. 18

സന്യാസം

വയസ്സേഴുമെട്ടും തികഞ്ഞപ്പൊളേററം
പ്രിയപ്പെട്ടമാതാവിനശ്രുപ്രവാഹം
നിയന്ത്രിച്ചതത്ത്വോപദേശാൽ. ഭവാൻ, വൈ-
ജയന്തിക്കു കാഷായവസ്ത്രം ഗ്രഹിച്ചാൻ. 19

——

(ബാക്കി വഴിയെ

ത്രങ്ങളിൽനിന്നും, വീട്ടിൽനിന്നുള്ള എഴുത്തുകളിൽനിന്നും, ഭാഗത്തിന്നുശേഷം ഇന്ത്യയിൽ നടന്ന കൂട്ടക്കൊലയെപ്പററി സുന്ദർ നല്ലവണ്ണം അറിഞ്ഞിരുന്നു. വിശേഷബുദ്ധിയുണ്ടെന്നഭിമാനിക്കുന്ന മനുഷ്യൻ, വിശേഷബുദ്ധിയില്ലാത്ത മൃഗങ്ങളെക്കാൾ മൃഗീയമായി പെരുമാറിയതോർത്ത് അയാളുടെ ഹൃദയം നൊന്തിരുന്നു, അതിനെത്തുടർന്നു തൻെറയും മീനയുടെയും കുടുംബങ്ങൾ, മററനേകായിരം കുടുംബങ്ങളോടൊപ്പം താന്താങ്ങളുടെ സർവ്വസ്വവുമുപേക്ഷിച്ചു ദൽഹിയിൽ വന്നതും അയാൾ ഓർത്തു. എത്ര ദൈവാധീനമുണ്ടായിരുന്നു അന്ന്! അല്ലെങ്കിൽ മീനയുടെ വീട്ടിൽ കയറി ആക്രമം നടത്തിയ കൊള്ളക്കാർ അവളെ ജീവനോടെ വിടുമായിരുന്നുവോ?

തിങ്ങിനിറഞ്ഞ വികാരങ്ങളുടെ ഒരു കളിപ്പാവയെപ്പോലെയാണു, സുന്ദർ, ദൽഹിയിൽ തന്നെ അതുവരെ വഹിച്ചിരുന്ന വിമാനത്തിൽ നിന്നിറങ്ങിയതു്. ഉൽക്കണ്ഠാഭരിതരായ മാതാപിതാക്കന്മാരെക്കണ്ടു്, ആരെയാരെയാണാദ്യം അഭിവന്ദ്യം ചെയ്തു് ആലിംഗനം ചെയ്യേണ്ടതെന്നറിയാതെ അയാൾ കുഴങ്ങി. അപ്പോഴേയ്ക്കും "രജനി", തൻെറ "ബന്ധുഭായി"യുടെ ചുമലിൽ സ്ഥലം പിടിച്ചുകഴിഞ്ഞിരുന്നു. കൂടിക്കാഴ്ചയുടെ വ്യഗ്രത ചുരുങ്ങിയതോടുകൂടി സുന്ദരിൻെറ കണ്ണുകൾ, പ്രതീക്ഷയോടെ, പരിസരങ്ങളിൽ അലഞ്ഞുനിരാശരായത്തു, അയാളുടെ മാതാവു കണ്ടുവെങ്കിലും, ദയനീയമായി ഒന്നു നിശ്വസിക്കുവാൻ മാത്രമെ ആ സാധ്വിക്കു ശക്തിയുണ്ടായുള്ളു! യൌവനത്തിലേയ്ക്കു കാൽ കുത്തുവാൻ മാത്രം തുടങ്ങിയിരുന്ന "മീനയ്ക്കു", മൂന്നു കൊല്ലത്തിനിടയ്ക്കു, എന്തെല്ലാം മാററങ്ങൾ ആകൃതിയിലും, പ്രകൃതിയിലും, സംഭവിച്ചിട്ടുണ്ടാകാം? മുററി തഴച്ച യൌവനത്താൽ അനുഗ്രഹീതയായ യുവതിയ്ക്കു തൻെറ കാമുകനെക്കാണുന്നതിൽ അതിയായ ലജ്ജയുണ്ടാകുന്നതിൽ, അവൾ തെററുകാരിയാണോ? പാശ്ചാത്യവും പൌരസ്ത്യവുമായുള്ള ആ വമ്പിച്ച വ്യത്യാസം അയാളോർത്തു. തൻെറ കാമുകനെ പ്രതീക്ഷിക്കുന്ന ഒരു പാശ്ചാത്യവനിതയ്ക്കു ഈയൊരു പ്രത്യേകഗുണം ഉള്ളതായി അയാൾ കണ്ടില്ല. സുന്ദർ മീനയ്ക്കു മനസ്സുകൊണ്ടു ദയാപൂർവ്വം മാപ്പുകൊടുത്തു. യുവതീസഹജമായ, ഈ ലജ്ജാശീലം അയാളുടെ കണ്ണിൽ മീനയ്ക്കു പുതിയൊരു അഴകും അന്തസ്സുംകൂട്ടി...

തൻെറ ദൽഹിയിൽ ഉണ്ടായിരുന്ന പുതിയ ഭവനത്തിൽനിന്നും വളരെ ദൂരെയല്ലായിരുന്നു മീന താമസിച്ചിരുന്നതു്. രാവിലെമുതൽ വൈകുന്നേരംവരെ ഒരുവിധം സമയംകഴിച്ചു്, അന്തിയോടടുത്തപ്പോൾ അയാൾ മീനയുടെ ഗൃഹത്തിലേയ്ക്കു നടന്നു. അയാളുടെ ഹൃദയം അതിവേഗംമിടിക്കുന്നുണ്ടായിരുന്നു വീടിൻെറ പടിക്കലെത്തിയപ്പോൾ, ഒരു ചെറിയ കുഞ്ഞിനെയുമെടുത്തുകൊണ്ടു് ഒരു മദ്ധ്യവയസ്കയായ സ്ത്രീയാണു് സുന്ദരിനെ എതിരേററതു്. 'സുന്ദർ' വന്നിട്ടുണ്ടെന്നു മീനയോടറിയിക്കാനായി അയാൾ ആ സ്ത്രീയോടായി പറഞ്ഞു്, കുട്ടിയുടെ കൌതുകംകൊണ്ടു്, മടങ്ങിവരുന്നതുവരെ താനെടുത്തുകൊള്ളാമെന്നു് സമ്മതിക്കുകയും ചെയ്തു. പോകാൻ പുറപ്പെട്ട ആ സ്ത്രീയോടു്, യദൃച്ഛയാ, "കുട്ടിയാരുടെതാണെന്നു്" സുന്ദർ ചോദിച്ചു. "മീനയുടെ"എന്നായിരുന്നു മറുപടി. തക്കസമയത്തിനു കുട്ടിയെ അയാളുടെ കയ്യിൽനിന്നു വാങ്ങിയിട്ടില്ലായിരുന്നുവെങ്കിൽ, സുന്ദരും കുട്ടിയും നിലം പതിക്കുമായിരുന്നു......സുന്ദരിൻെറ തലച്ചോറിൽ ഒരന്ധകാരം കയറി.

സുന്ദരിൻെറ മനസ്സിൽ ഒരു കൊടുങ്കാററുവീശി. അയാൾ ഒരു നിമിഷം നേരംപോലും അവിടെ നിന്നില്ല. "വഞ്ചകി", "ദ്രോഹി", എന്നിങ്ങിനെ അവ്യക്തമായി ചിലതു പുലമ്പിക്കൊണ്ടു് അയാൾ നടകൊണ്ടു്.

"സ്ത്രീകളുടെ വാക്കെങ്ങിനെ വിലവെയ്ക്കും? എന്തുതന്നെ സംഭവിച്ചാലും, ഞാൻ സുന്ദരിൻെറതാണു്" എന്നു് മൂന്നുകൊല്ലംമുമ്പു പറഞ്ഞപ്പോൾ, ഇങ്ങിനത്തെ ദുർഭ്രതമാണവളെന്നു താനോർത്തുവോ?

ഒരു കള്ളപ്പുഞ്ചിരിയോടുകൂടി "ആ മന്തനെ എനിക്കുവേണ്ടാ," എന്നു തൻെറ ഭർത്താവാകാൻ കൊതിച്ചുവന്ന ഒരു കൺട്രാക്ടരുടെ മകൻെറ നേർക്കു തൊടുത്ത പുച്ഛമായ വാക്ശരങ്ങൾ, അന്നവൾ ആത്മാർത്ഥതയോടെ പറഞ്ഞതാണോ?

തൻെറ അഭിലാഷം ആദ്യമായി സുന്ദർ അറിയിച്ചപ്പോൾ, അവളുടെ മുഖത്തൊരരുണിമ വ്യാപിച്ചതു് വെറും ബാലിശമായതായിരുന്നുവോ?

അങ്ങിനെയാവില്ല. അല്ലെങ്കിൽ, അവളുടെ വിവാഹത്തെപ്പററി, എനിക്കെഴുതുമായിരുന്നില്ലെ. ഒരു പക്ഷെ, വിവാഹമായിരുന്നിരിക്കയില്ല......അയ്യോ!! അവളൊരു വേശ്യ!!! സുന്ദരിൻെറ തലതിരിഞ്ഞു. ചിന്തകൾ കലശൽകൂട്ടി, അദ്ദേഹത്തെ ബോധരഹിതനാക്കുകതന്നെചെയ്തു............

മറഞ്ഞു തുടങ്ങിയിരുന്ന സൂര്യബിംബത്തെനോ

കരി, പുച്ഛത്തോടെ പുഞ്ചിരിയിട്ടുകൊണ്ടു് ചന്ദ്രനപോങ്ങനുണ്ടായിരുന്നു. അങ്ങിനെയാണല്ലൊ, ലോകം. ഒരുത്തന്റെ നാശത്തിൽ മററൊരുത്തൻ ഉദയംകൊള്ളുന്നു. ആ സമയത്താണു്, മന്ദം മന്ദം വീശിക്കൊണ്ടിരുന്ന ശീതളമാരുതൻ, സുന്ദറിനെ മൂർച്ഛയിൽ നിന്നുണർത്തിയതു്. ആ മൂർച്ഛ അയാൾക്കു വലിയ ഗുണമാണു ചെയ്തതു്. "കരികലക്കിയ കുളംപോലെ", കലങ്ങിമറിഞ്ഞ അയാളുടെ മനസ്സിന്നു തെല്ലൊരു ശാന്തിഭവിച്ചു വിവേചനത്തോടെ ചിന്തിക്കുവാനുള്ള കഴിവയാൾക്കുണ്ടായി.

പഞ്ചാബിലും മററും നടന്ന കൂട്ടക്കൊലകളും, മനുഷ്യരെ എന്നെന്നേയ്ക്കും തലപൊക്കാതിരിക്കത്തക്കവണ്ണം, ലജ്ജിപ്പിക്കുന്ന മൃഗീയസംഭവങ്ങളും, അയാളുടെ മനസ്സിൽ ചലച്ചിത്രമെന്നപോലെ നടമാടി. സ്ത്രീകളെയും, കുട്ടികളെയും മററും താളിൻതണ്ടുപോലെ അരിഞ്ഞിടുന്നതും, പിടഞ്ഞലറുന്ന അബലകളെ ബലാല്ക്കാരമായി ഹിംസിക്കുന്നതും, അയാൾ ഭാവനയിൽ കണ്ടു. അങ്ങിനത്തെ രാക്ഷസന്മാരുടെ മൃഗീയത "മീന"യിൽ കളിയാടിയതായിരുന്നുകൂടെ? അവളുടെ ഭവനത്തിൽ, കൊള്ളക്കാർ കടന്നാക്രമിച്ചിരുന്നതായി, തന്റെ അമ്മ എഴുതിയിരുന്നതു്, അയാൾ വീണ്ടും ഓർത്തു. അയാളുടെ രോഷം നിശ്ശേഷം ശമിച്ചു. തൽസ്ഥാനത്തു് അമിതമായ ഒരനുകമ്പ സ്ഥലംപിടിച്ചു നേരിട്ടുകണ്ടു മീനയെ സമാധാനിപ്പിക്കുവാൻതന്നെ അയാൾ തീരുമാനിച്ചു്, അവിടെനിന്നെഴുന്നേററു നടന്നു...

...പക്ഷെ, താൻ എങ്ങിനെ അവളെ വിവാഹം കഴിക്കും? തന്റേതല്ലാത്ത ഒരു കുഞ്ഞിന്റെ മാതാവായിത്തീർന്ന അവളെ സ്പർശിക്കുന്നതുതന്നെ പാപമല്ലെ? അയാളുടെ ചിന്ത തന്റെ ലണ്ടൻ ജീവിതത്തിലേയ്ക്കു കടന്നു. ലോകത്തിലെ സംസ്കൃതജനതയെ വെറപ്പിക്കുമാറുള്ള സംഭവങ്ങൾ ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കെ, വർഗ്ഗീയതാപത്തെയും, തൽഫലമായി ഉണ്ടാവുന്ന മൃഗീയതകളെയും, നിഷ്കാസനം ചെയ്യുന്നതിന്നായി, എത്ര പ്രസംഗമഞ്ചങ്ങളിൽകയറി താൻ പ്രസംഗിച്ചു. യാതൊരു വിധത്തിലുമുള്ള തെററും ചെയ്യാതെ ഇങ്ങിനത്തെ ദുരന്തസംഭവങ്ങൾക്കിടയിൽപ്പെട്ട സാധുജനതതിയെ ഓർത്തു് എത്ര കണ്ണീർ വാർത്തു വർഗ്ഗീയവിഷം കയറി ഉറഞ്ഞുചാടുന്ന രക്ഷസ്സുകളുടെ മൃഗീയതയിൽപെട്ട അബലാരത്നങ്ങളെ, യാതൊരു വിധത്തിലുള്ള നിബന്ധനകളും കൂടാതെ, വിവാഹംചെയ്യാൻ മുമ്പോട്ടു വരേണ്ടതാണെന്നു് ഭാരതത്തിലെ യുവാക്കളോടായി എത്ര ആത്മാർത്ഥമായാണു് താനഭ്യർത്ഥിച്ചതു്?

തന്റെ വാക്കുകൾ ആവേശത്തോടെ പുലമ്പപ്പെട്ടതായിരുന്നുവോ? അയാളുടെ വിവേകം അയാളോടു പരിഹസിച്ചു. അവളെ വിവാഹം ചെയ്യേണ്ടതു് തന്റെ കടമയാണെന്നു്. എന്നാൽ, വിവാഹാനന്തരം തന്റെ കൂട്ടുകാരുടെ മുഖത്തെങ്ങിനെ നോക്കും? രണ്ടാമത്തെ ചിന്ത കുറച്ചുനേരമെ അയാളുടെ മസ്തിഷ്കത്തിൽ നടമാടിയുള്ളു. ഇന്നു അഭയാർത്ഥികളായി വന്നയുവാക്കന്മാരിൽ ഗണ്യമായ ഒരംശത്തെ അഭിമുഖീകരിച്ചിരിക്കുന്ന പ്രശ്നമല്ലെ ഇതു് എന്നു സുന്ദർ ആലോചിച്ചു

താൻ അവർക്കു ഒരു മാതൃകയാകുകതന്നെ! വളരെനേരം ചിന്തിച്ചതിന്നുശേഷം, അയാളീ തീരുമാനത്തിലെത്തി.

* * *

സുന്ദർ മീനയുടെ വീട്ടിലെത്തി. അവൾ തന്റെ കൊച്ചുകുഞ്ഞിനെ മടിയിലിരുത്തി ചിന്താമഗ്നയായിരിക്കയായിരുന്നു.

"മീനെ", ധൈര്യപ്പെട്ടുകൊണ്ടു് അയാൾവിളിച്ചു.

കണ്ണുനീർ വാർത്തു വാർത്തു കലങ്ങിയ കണ്ണുകൾ സുന്ദറിനെ സ്വാഗതം ചെയ്തു. അയാളെക്കണ്ടമാത്രയിൽ അവൾ പൊട്ടിക്കരഞ്ഞുപോയി.

ഇതികർത്തവ്യതാമൂഢനായ സുന്ദറിന്റെ ധൈര്യം മുഴുവൻ അസ്തമിച്ചു. അയാളും ആ കരച്ചിലിൽ പങ്കുകൊണ്ടു. ഒരുവിധം ധൈര്യം അവലംബിച്ചു്,

"മീനെ! വ്യസനിക്കാതിരിക്കു. കാര്യമെല്ലാം ഞാനറിഞ്ഞിരിക്കുന്നു. എനിക്കു പൂർണ്ണബോദ്ധ്യമുണ്ടു് മീന അതിൽ തെററുകാരിയല്ലെന്നു്."

"സുന്ദർ", ഒരു ദീർഘനിശ്വാസത്തോടെ തൊണ്ടയിടറിക്കൊണ്ടു് അവൾ പറഞ്ഞു. "ഞാൻ സുന്ദറിന്റെ സ്നേഹത്തിന്നർഹയല്ല. എന്റെ ജീവിതം വിധി പാഴാക്കിക്കളഞ്ഞു, ഞാൻ കാരണമായി സുന്ദറിന്റെ ജീവിതവുംകൂടി ശപിക്കപ്പെട്ടതാകരുതു്." അവൾ പിന്നെയും കരഞ്ഞു.

സുന്ദർ അവളെ സമാധാനിപ്പിച്ചു. അയാളുടെ വിശാലഹൃദയം അവൾ കേണുകൊണ്ടിരിക്കെ ഏതാണ്ടവൾ കേൾക്കെ ഇങ്ങിനെ മന്ത്രിച്ചു.

"അരുതു്, മീനെ, കരയരുതു്. ഞാൻ വീണ്ടുവിചാരംചെയ്തതിന്നുശേഷമാണു് ഈ തീർപ്പിലെത്തിയതു്. എനിക്കു പൂർണ്ണവിശ്വാസമുണ്ടു്, മീന തെററുകാരിയല്ലെന്നു്. എന്റെ മീനയെ, ജീവനോടെ കിട്ടിയല്ലൊ. അതുതന്നെ വളരെ ഭാഗ്യമായി ഞാൻ കരുതുന്നു."

മീന, സുന്ദറിന്റെ മുഖത്തേക്കു്, കൃതജ്ഞതയും,

# കുമാരസംഭവം.

## ഭാഷാഗാനം.

(തുടർച്ച)

[വിദ്വാൻ, ശ്രീ. ചെറ്റൂരി മാധവമേനോൻ]

ചുറ്റുമവളുത്തഗ്നിയാമതിന്മദ്ധ്യേ, ദൃഷ്ടി-
തെററിക്കും തേജസ്സിനെത്തെല്ലുമഗണിക്കാതെ
ചണ്ഡരശ്മിയിൽത്തന്നെ കണ്ണുകളുറപ്പിച്ചാൾ
ചാരുപുഞ്ചിരിയോടും ഗ്രീഷ്മത്തിൽസ്സുമദ്ധ്യമ. 20

ആവിധം കൊടുംവെയിൽകൊണ്ടേററു തപിച്ചിട്ടു-
മാവരാനനം ശതപത്രംപോൽപ്രകാശിച്ചു;
നീളമുള്ളപാംഗങ്ങൾ രണ്ടിലുമെന്നാൽ മെല്ലെ
കാളിമ കാണാനുണ്ടു കാർമുടിക്കെന്നേയുള്ളു. 21

അർത്ഥിക്കാതടുത്തെത്തുമംബുവും, സുധാനിധി-
യങ്ങഹോ, പൊഴിച്ചീടും രശ്മിയുമല്ലാതൊന്നും
പാദപസമൂഹത്തിന്നെന്നപോലവൾക്കുമേ
പാരണാവിധിയിങ്കലില്ലാതായ്ച്ചമഞ്ഞുപോൽ! 22

പഞ്ചാഗ്നിമദ്ധ്യത്തിങ്കലാവിധം കൊടുംചൂടേ-
ററഞ്ചാതെ തപിച്ചിട്ടുമവളും, ഭൂദേവിയും,
വേനൽപോയ് പുതുമാരിതൂകവേ വിട്ടീടിനാർ
വേഗമൂർദ്ധ്വമാകുമൂഷ്മാവങ്ങൊരേമട്ടിൽ. 23

തങ്ങിയപ്പക്ഷ്മങ്ങളിൽത്തെല്ലിട, യനന്തരം
താഡിച്ചു കീഴ്ച്ചുണ്ടിനെ, വീണുപോർമുലകളിൽ
ചിതറി, വലികളിലിടറി, പതുക്കെത്താൻ
ചെന്നിതു പുതുവർഷത്തുള്ളികൾ തന്നാഭിയിൽ. 24

കല്ലിന്മേലനാവൃതദേശത്തായ്ക്കിടന്നീടും
കല്യയെ, ക്കൊടുംമാരികാററേററുതു കിടവേ,
ആ മഹാതപസ്സിന്റെ സാക്ഷികൾ നിശീഥങ്ങൾ-
ആനന്ദാൽ തടിന്നേത്രം മിഴിച്ചുനോക്കീടിനാർ 25

---

പ്രണയവും, കണ്ണീരിലൂടെ വഴിഞ്ഞൊഴുകിയിരുന്ന കണ്ണുകളെക്കൊണ്ടുനോക്കി അവരുടെ കണ്ണുകൾ തമ്മിലിടഞ്ഞു. ആ സമയം ഒരു കുളിർകാററ് ഇരുവരേയും കോരിത്തരിപ്പിച്ചുകൊണ്ടു കടന്നുപോയി. അവരിരുവരുടെയും ഹൃദയം കൂടുതൽ അടുത്തു.

മീനയുടെമടിയിൽകിടക്കുന്ന കുഞ്ഞ് ഒന്നുചുമച്ചു. ആ യുവകാമുകീകാമുകന്മാരുടെശ്രദ്ധ അങ്ങോട്ടു പതിഞ്ഞു. പുഞ്ചിരിതൂകിക്കൊണ്ടിരുന്ന ആ നിഷ്കളങ്കമായ ഓമനമുഖത്തെസ്സൂക്ഷിച്ചുനോക്കിയതോടുകൂടി, ഇരുവരും, വൈദ്യുതതരംഗങ്ങൾ ഉള്ളിൽ പാഞ്ഞതുപോലെ ഞെട്ടി. അന്യോന്യം മുഖത്തുനോക്കി!

അവരുടെ മുഖങ്ങൾ ഒന്നു മങ്ങി, ഉത്തരക്ഷണത്തിൽ പ്രസന്നങ്ങളായതു്, ശുഭസൂചകമല്ലേ?

---

ക്ഷേമമായ് ഹിമംതൂകും കാറേററുമടിക്കുന്ന
ഹേമന്തനിശകളെ, നീരിൽനിന്നനങ്ങാതെ
തന്മുന്നിൽ വിയോഗത്താൽ കേണിടും കോകങ്ങളിൽ
കാരുണ്യം കലർന്നദ്രികന്യയും പോക്കീടിനാൾ. 26

തണ്ടലർമണംതൂകിയേററവും വിറച്ചിട്ടും
ചുണ്ടാകുന്നിതൾചേർന്നുശോഭിക്കും തദാനനം
പ്രാലേയവർഷംമൂലം പങ്കജം നശിച്ചോരു
പാഥസ്സിൽ പ്രകാശിക്കും പത്മമൊന്നുളവാക്കി. 27

തന്നെത്താൻ കൊഴിഞ്ഞുള്ള പർണ്ണങ്ങൾമാത്രം വൃത്തി-
ക്കെന്നാകിൽത്തപസ്സിന്നില്ലുൽക്കർഷമതിന്മീതെ;
ആയതും വെടിഞ്ഞാളാപ്രിയവാദിനിയപ്പോ-
ളായവൾക്കപർണ്ണാഖ്യയേകിനാർ പൗരാണികർ. 28

ഇത്തരം വ്രതങ്ങളാൽ, താമരവലയംപോ-
ലെത്രയും മൃദുവാകും തൻതനുവഹോരാത്രം
വാട്ടീടും യശസ്വിനി, കാഠിന്യമേറുംമെയ്യാൽ
താപസരാർജ്ജിച്ചീടും തപസ്സും താഴ്ത്തീ പാരം. 29

മാന്തോലും, പലാശത്തിൻകോലുമായ്, പ്രഗല്ഭത-
യേന്തീടും വചസ്സോടും, ബ്രഹ്മവർച്ചസത്തോടും
വന്നിതങ്ങവിടത്തിൽ ബ്രഹ്മചര്യമേത്ര -
മാന്നുപോൽജ്ജടയുള്ളോരേകനെന്നറിഞ്ഞാലും. 30

സാദരമെതിരേററുസൽക്കരിച്ചിതുവേഗ-
മാതിഥേയിയാം ഗൗരിയായവൻതന്നെയപ്പോൾ;
തുല്യതയുണ്ടെന്നാലുമന്യനാം വിശിഷ്ടനെ
നല്ലപോൽമാനിക്കുന്നു മന്നിതിൽ മഹാത്മാക്കൾ. 31

വിധിപോലനുഷ്ഠിച്ചസൽക്കാരം കൈക്കൊണ്ടവൻ
വിശ്രമിപ്പതുപോലങ്ങിരുന്ന കാണിനേരം,
ആർജ്ജവം നിറഞ്ഞുള്ള നേത്രത്താലപർണ്ണയെ-
പ്പാർത്തവൻക്രമംതെററാതോതുവാനാരംഭിച്ചാൻ. 32

“ഇന്ധനം ലഭിപ്പീലേ വേണ്ടപോൽ ഹോമാദിക്കു?
സുന്ദരി, ദർഭപ്പുല്ലും സുലഭം തന്നെയല്ലീ?
നന്നല്ലോ പയസ്സും തേ സ്നാനാദികർമ്മങ്ങൾക്കു?
തന്നുടെ കെല്പോത്തല്ലീ തപസ്സും ചെയ്യുന്നു നീ?
ധർമ്മസാധനങ്ങളിലേററവും മുഖ്യമത്രേ
നമ്മൾക്കീശ്ശരീരമെന്നുള്ളതുമോർക്കുന്നില്ലേ? 33

ചെമ്പഞ്ഞിതേക്കാതെതാനേറെനാളായെന്നാലു-
മെമ്പാടും തുടുപ്പാലും നിന്നുടെചൊടിപോലെ,

# ഭാരതീയസംസ്കാരചൈതന്യം.

(ശ്രീമതി, പോട്ടയില്‍ കമലാദേവി, ബി. എ.)

അത്യുന്നതവും അതിപാവനവും ആയ ആര്‍ഷഭാരതസംസ്കാരത്തെപ്പററി അധികം മുഖവുരകള്‍ ആവശ്യമില്ല. ഭാരതാംബ ജ്വലിപ്പിച്ച സംസ്കാരമണിദീപത്തെ കമ്പിട്ടുകൂപ്പാതെ ഉദ്ധതയുഗങ്ങളില്‍ ഒന്നുപോലും കടന്നുപോയിട്ടില്ല. ത്യാഗത്തിന്റെ നിറകതിര്‍വീശിക്കുന്ന അതില്‍നിന്നും തിരികൊളുത്തിക്കൊണ്ടുപോയ ആരാധകന്മാരുടെ എണ്ണം അപരിമിതമാണ്. അതിന്റെ പ്രഭാനാളം നമ്മുടെ രാജ്യത്തുമാത്രമല്ല ലോകംമൊട്ടുക്ക് ദിവ്യപ്രകാശം പരത്തിക്കഴിഞ്ഞു. ഇനി അതു ജാജ്വല്യമായ ഒരു കെടാവിളക്കായി പ്രകാശിക്കയല്ലാതെ ഒരിക്കലും പൊലിയുകയില്ല.

ഇത്രത്തോളം കീര്‍ത്തിക്കും പ്രശംസയ്ക്കും പാത്രമായ ഈ സംസ്കാരത്തിന്റെ ഗുണങ്ങള്‍ എന്തെല്ലാമാണ്? ലോകത്തിലെ എല്ലാ രാജ്യങ്ങള്‍ക്കും ഓരോ സംസ്കാരമുണ്ട്. പൌരാണികഗ്രീസ്, റോമ് എന്നിവടങ്ങളിലെ സംസ്കാരങ്ങള്‍ നാം ചരിത്രപുസ്തകങ്ങള്‍വഴിയായി പഠിച്ചിട്ടുണ്ടല്ലൊ. ഒരു രാജ്യം എത്രത്തോളം പരിഷ്കരിച്ചിട്ടുണ്ടെന്ന് ആ രാജ്യത്തിലെ ജനങ്ങളുടെ മനോഭാവം തെളിയിക്കുന്നതാണ്. ജനതയുടെ മനസ്സംസ്കാരംതന്നെയാണ് രാഷ്ട്രത്തിന്റെ സംസ്കാരവും. ഒരുവനില്‍ അന്തര്‍ലീനമായ ഒരു ഗുണവും എന്നുവെച്ചാല്‍ അതിന്റെ പ്രഭാവത്തില്‍ അവനവന്റെ ആവശ്യങ്ങളും അവകാശങ്ങളും മററുള്ളവര്‍ക്കുവേണ്ടിയോ അല്ലെങ്കില്‍ മററുള്ളവരോടുകൂടിയോ സന്തോഷത്തോടുകൂടി വിനിയോഗിക്കുവാന്‍ ഒരുക്കമുള്ള ഒരു മനസ്ഥിതിയിലാണ് സംസ്കാരം സ്ഥിതിചെയ്യുന്നത്. എല്ലാവര്‍ക്കുംകൂടിയുള്ള ഒരു പൊതുസ്വത്താണ് സംസ്കാരം.

ചരിത്രാതീതകാലംമുതല്ക്കുതന്നെ ഭാരതം പല വിദേശീയകോയ്മകളുടെയും ആക്രമണത്തിന്നു പാത്രമായിരുന്നല്ലോ. ഓരോ കോയ്മയും നമ്മുടെ സംസ്കാരത്തില്‍നിന്നു പലതും പഠിക്കുകയും പലതും സംഭാവനചെയ്യുകയുംചെയ്തു. ഈ സംക്രമങ്ങളുടെ ഫലമായി ഭാരതീയസംസ്കാരം അടിക്കടി ശക്തി പ്രാപിക്കുകയും മററുള്ളവര്‍ക്കു ഒരു മാതൃകയായിത്തീരത്തക്കവണ്ണം പ്രകാശമാനമാവുകയുംചെയ്തു. പൌരാണികകാലംമുതല്ക്കുതന്നെ ഹിന്ദുമതതത്വങ്ങള്‍ക്കു അടിസ്ഥാനമായിരുന്ന ഭാരതത്തിലെ സംസ്കാരം അധികവും ഹിന്ദുക്കളുടെ മനസ്ഥിതിക്കു പററിയതായിരുന്നു. ഭാരതനിവാസികള്‍ എന്നുള്ള സംജ്ഞ അധികവും ഹിന്ദുക്കളെയാണല്ലോ സൂചിപ്പിക്കുന്നതു്. ഈ ഹൈന്ദവസമുദായത്തില്‍ അനന്തരകാലാന്തരത്തില്‍ പല മാററങ്ങളും വിദേശീയരുടെ ആക്രമണങ്ങള്‍കാരണം സംജാതമായി. പുരാതനഹിന്ദുസംസ്കാരംതന്നെയാണ് അധികവും ഇവരെ നമ്മുടെ രാജ്യത്തിലേയ്ക്കാനയിപ്പിച്ചതു്. ബുദ്ധദേവന്റെ ശാന്തിസുന്ദരങ്ങളായ തത്വങ്ങള്‍ ഹൈന്ദവസംസ്കാരദീപത്തെ കറകളഞ്ഞ ഒരു രത്നമാക്കിത്തീര്‍ത്തു. അതുകൊണ്ട് ഭാരതീയസംസ്കാരം എന്നു വെച്ചാല്‍ ഹൈന്ദവസംസ്കാരംതന്നെയാണെന്നു മനസ്സിലാക്കേണ്ടതാണ്.

---

മിന്നീടും പ്രവാളങ്ങളെന്നുമേവഹിപ്പീലേ
നന്നായ് നീ ജലം നല്കിപ്പോററുമീവള്ളിക്കൂട്ടം? 34
ചഞ്ചലനേത്രങ്ങളാല്‍ നിന്നക്ഷിസാദൃശ്യത്തെ-
യഞ്ചാതെനേടിച്ചെത്തിനിന്‍ കൈയില്‍നിന്നുംമൃഗൌഘം!
മോഹിച്ചുദര്‍ഭപ്പുല്ലുകടിക്കുമേണങ്ങളില്‍
സൌഹാര്‍ദ്ദംകലര്‍ന്നല്ലീ നിന്മനംവര്‍ത്തിക്കുന്നു? 35
പാവനാകൃതിയാമോര്‍പാപമാചരിക്കയി-
ല്ലേവമുള്ളാപ്തവാക്യമെത്രയും പരമാര്‍ത്ഥം.
താവകശീലംപാര്‍ത്താല്‍ താപസന്മാര്‍ക്കുംകൂടി-
ക്കേവലമുപദേശമായ്ക്കാണ്മൂ, സുശോഭനേ! 36
സപ്തതാപസര്‍ത്തുകം പുഷ്പോപഹാരംപൂണ്ടു
സുസ്പഷ്ടം ചിരിച്ചിടും വിണ്‍ഗംഗാജലത്തെക്കാള്‍
പുത്രപൌത്രരോടൊത്തപൃഥ്വീഭൃത്തിന്‍തവ-
ശുദ്ധമാംചരിതംതാന്‍ പൂതതയേകിയേററം. 37

ഒന്നേറെ നന്നെന്നായിത്തോന്നുന്നു ത്രിവര്‍ഗ്ഗത്തി-
ലിന്നൊന്നിക്ക, ധര്‍മ്മ; മല്ലെന്നാലഭിജ്ഞേ, നീ
അര്‍ത്ഥവുമതുപോലെക്കാമവുമുപേക്ഷിച്ചു
ചിത്തത്തിലതിനെത്താന്‍ ചേര്‍പ്പതിന്നുണ്ടോബന്ധം!
സുന്ദരി, സ്വയംനന്നായ് സല്‍കൃതനായൊരെന്നെ- (38
യന്യനെന്നകതാരിലിന്നിനി നിനയ്ക്കൊല്ലാ
ഏഴവാക്കുകള്‍പോരുമന്യോന്യമിണങ്ങുവാന്‍
കേഴമാന്‍മിഴിയാളേ, നല്ലവര്‍ക്കെന്നുണ്ടല്ലോ. 39
ആകയാല്‍, പൊറുപ്പേറുംനിന്നോടായ് ത്തപോധനേ!
ഞാനൊന്നുചോദിക്കുന്നു ഭൂദേവചാപല്യത്താല്‍
ഉത്തരമുരചെയ്തുകൊട്ടുമേമടിക്കാതെ-
യുത്തമേ, അതിന്നുനീ രഹസ്യമല്ലെന്നാകില്‍.” 40

(തുടരും)

വിവിധങ്ങളായ അഭിപ്രായങ്ങളുടെയും അവകാശങ്ങളുടെയും നടുവിൽ പൊതുവായ ഒരു ശക്തി നിലനില്ക്കുന്നുണ്ട്. ഈ ഒരു ശക്തിയുടെ പ്രഭാവത്തിൽ ഒരുവൻ തന്റേതെന്നും അന്യന്റേതെന്നും ഉള്ള വ്യത്യാസത്തെ മറക്കുന്നു. നമ്മുടെ സംസ്കാരത്തിൽ ഈ മഹാതത്വം ഗംഭീരമായി സ്ഥിതിചെയ്യുന്നുണ്ട്. വൈവിധ്യത്തിന്റെ ഏകാത്മകത്വത്തിലാണ് ഒരു ഹിന്ദുവിന്റെ ശ്രദ്ധ കിടക്കുന്നത്. ഉദാഹരണമായി, ചാതുർവ്വർണ്ണ്യത്തിന്റെ ഉത്ഭവം തന്നെ എടുക്കാം. ബ്രഹ്മ, ക്ഷത്രിയ, വൈശ്യ, ശൂദ്ര എന്നീ നാലു ജാതികൾക്കും വ്യത്യസ്തങ്ങളായ കർമ്മങ്ങളും അവകാശങ്ങളും ആണ് സ്മൃതികളിൽ പറഞ്ഞിരിക്കുന്നതെങ്കിലും ഇവരെല്ലാം ഒരു ഒറ്റശക്തിയിൽനിന്നു അതായത് ആദിപുരുഷനിൽ(വിരാട് പുരുഷൻ)നിന്നുണ്ടായതാണെന്ന് ആ സ്മൃതികൾതന്നെ ഘോഷിക്കുന്നു. മൂലം എല്ലാവരുടെയും ഒന്നായ ഈ ഒരു സംഗതിതന്നെ അവർ തമ്മിലുള്ള ഐക്യയെ സൂചിപ്പിക്കുന്നു.

ഇനി വേറൊന്നു ഹിന്ദുക്കളുടെ ആരാധനാവസ്തുവായ കൂട്ടുകുടുംബമാണ്. ഇതിലെ അംഗങ്ങളുടെ അവകാശങ്ങൾ തുല്യങ്ങളായിരുന്നു. വ്യക്തിസ്വാതന്ത്ര്യം നിയന്ത്രിക്കപ്പെട്ടിരുന്നുവെന്നുമാത്രമല്ല, ഓരോരുത്തന്റെയും സ്വാർജ്ജിതധനംകൂടി കുടുംബത്തിന്റെ പൊതുസ്വത്തായിട്ടാണിരുന്നതു്. വരവുചെലവുകളും എല്ലാവർക്കും ഒരുപോലെ ബാധകമായിരുന്നു. എന്നാൽ റോമിലെയോ ഗ്രീസിലെയോ കുടുംബാധിപന് ഇഷ്ടംപോലെ ചെയ്യാനുള്ള അവകാശമുണ്ടായിരുന്നില്ല. അദ്ദേഹം എല്ലാവരുടെയും പ്രതിനിധി എന്ന നിലയിൽ കുടുംബഭരണം നടത്തിവന്നു. ഉടമസ്ഥനല്ല, ഭരണാധികാരിയായിരുന്നു. അംഗങ്ങളുടെ അവകാശങ്ങൾ അനിയന്ത്രിതങ്ങളും സ്വായത്തങ്ങളും ആയിരുന്നു. കുടുംബമായിട്ടുള്ള ബന്ധം മരണത്തോടുകൂടിമാത്രമേ അവസാനിച്ചിരുന്നുള്ളു. ഈ ഗുണങ്ങൾ പുരാതനഹിന്ദുകുടുംബങ്ങളെ ഇതരരാഷ്ട്രങ്ങളിലേതിൽനിന്നു വ്യത്യാസപ്പെടുത്തുന്നു. കുടുംബാധിപൻ രക്ഷാശിക്ഷാധികാരിയായ ഒരു ഉത്തമഗൃഹസ്ഥനായി പരിലസിച്ചു. അദ്ദേഹത്തിനെ അനന്തരവന്മാർ ഭയത്തോടും ബഹുമാനാദരവോടുംകൂടി പൂജിച്ചുവന്നു. ഇതരരാഷ്ട്രങ്ങളിൽ കുടുംബങ്ങളിൽ അന്തഃഛിദ്രം എല്ലായ്പോഴും ഉണ്ടായിക്കൊണ്ടിരുന്നതിനുള്ള കാരണം കുടുംബാധിപന്റെ അനയന്ത്രിതവും അപരിമിതവും ആയ അധികാരസീമയിൽനിന്നുണ്ടായതാണ്. ഭാരതത്തിലെ(പ്രാചീന ഇന്ത്യയിലെ)കുടുംബം പിന്നീടുള്ള ഭരണസമ്പ്രദായത്തിനു മാതൃകയായിത്തീർന്നു.

ഭിന്നങ്ങളായ പലതിലും ഒരു ഏകാത്മകത്വം നമ്മുടെ സംസ്കാരത്തിൽ സ്ഥിതിചെയ്യുന്നു. ഈ ഒരു ഗുണം ഈശ്വരാരാധനയിലും കാണുന്നുണ്ട്. പരമാത്മാവിന്റെ അവതാരങ്ങളെയും മറ്റു ദൈവങ്ങളെയും ഒന്നാണെന്നറിഞ്ഞിരിക്കെ വിവിധരൂപത്തിൽ ആരാധന ചെയ്യുന്നുണ്ട്. സൌകര്യത്തിനും ആത്മീയബോധത്തിനുംവേണ്ടിമാത്രം ഒന്നിനെ പലതായി ആരാധിക്കുന്നു എന്നേയുള്ളു എന്നു വേദങ്ങളിൽതന്നെ പ്രതിപാദിച്ചുകാണുന്നുണ്ട്.

അവനവന്റെ മനസ്സാക്ഷിക്കുവിരോധമായി ഒന്നും ചെയ്യുവാൻ ഒരു ഹിന്ദു ഇഷ്ടപ്പെടുന്നില്ല. യശസ്സിനു ഹാനികരമല്ലാത്തവിധം സാമുദായികനിയമങ്ങളെയും ആചാരങ്ങളെയും കാത്തുരക്ഷിക്കേണ്ടതു് എല്ലാവരുടെയും കടമയായിരുന്നു. മനുശാസ്ത്രസിദ്ധാന്തങ്ങൾതന്നെ ഈ ഉൽകൃഷ്ടആദർശത്തിനെ ബഹുമാനിച്ചിരുന്നു. നിങ്ങൾ കുടുംബത്തിനുവേണ്ടി നിങ്ങളെ ബലികഴിക്കുക. "കുടുംബം ഗ്രാമത്തിനായും, ഗ്രാമം ദേശത്തിനായും, ദേശം രാജ്യത്തിനായും, തദ്വാരാ ദേശം നിങ്ങളുടെ മനസ്സാക്ഷിക്കും അനുകൂലമായി പ്രവർത്തിക്കട്ടെ". സ്വാർത്ഥരഹിതമായ ഒരു ജീവിതത്തിലാണ് നമ്മുടെ ആദർശം സ്ഥിതിചെയ്യുന്നതു്. ഈശ്വരവിചാരസ്മരണംതന്നെയാണ് നമ്മുടെ ജീവിതലക്ഷ്യവും. ദേശസേവനത്തിൽ പ്രാധാന്യം കല്പിച്ചിരുന്നുവെങ്കിലും അവനവന്റെ മനസ്സാക്ഷിക്കെതിരായി അതിലും കടന്നു പ്രവർത്തിക്കുവാൻ ആരും ഒരുങ്ങിയിരുന്നില്ല.

ഇനി ഭാരതീയസംസ്കാരം എവിടെയെല്ലാം പ്രചരിച്ചിട്ടുണ്ടെന്നും, എത്രത്തോളം ഇതരരാഷ്ട്രങ്ങളിൽ പ്രഭാവം പരത്തിയിട്ടുണ്ടെന്നും ഒന്നു പരിശോധിക്കാം. പ്രാചീനഭാരതം ചരിത്രാതീതകാലംമുതല്ക്കുതന്നെ വിദേശിയകായ്മകളുടെ ശ്രദ്ധയെ ആകർഷിച്ചിരുന്നു എന്നു പറഞ്ഞുകഴിഞ്ഞുവല്ലോ. അലക്സാണ്ടർ ഇന്ത്യ ആക്രമിച്ചതുതന്നെ സംസ്കാരത്തിൽ ആവേശനായിട്ടാണ്. പല വിദേശീയരും അതിപാവനമായ നമ്മുടെ സംസ്കാരത്തിനെ പ്രശംസിച്ചിട്ടുണ്ട്. ഗതാഗതസൌകര്യം വളരെ കുറവായിരുന്ന ആ കാലത്തു് ഹ്യൂ

# ഗാന്ധിനിർവാണം.

(ശ്രീ. വടക്കേപ്പാട്ട് നാരായണൻനായർ, വടവന്നൂർ.)

(തുടർച്ച)

നിഹതഃ സഖ പൃഷ്ഠതഃ പതൻ
ക്ഷണമാബദ്ധ്യ മഹാർഘമഞ്ജലിം
"ജനസേവന മീശ്വരാർച്ചനം
പരതോപ്യസ്തുമമേ"ത്യശംസത. 72

നളികാസ്ത്രവിദീർണ്ണവക്ഷസം
ബത "ഹാ രാ"മിതികമ്പിതാധരം
നിപതന്ത മനന്ത സന്താപമ-
ന്വപതദ്ഗുരുരനപാശ്രയാ സതീ. 73

ധഡിതി സ്ഫുടിതോൽഗത ധ്വനി-
ശ്രവണത്രസ്ത വിവൃത്തകന്ധരാ
ഭരതക്ഷിതി ദേവതാ തു "ഹാ-
ധിഗി"തി പ്രേക്ഷ്യപപാത മൂർച്ഛിതാ. 74

അസമഞ്ജസമഞ്ജസാകരഃ
നിഗൃഹീതം നളികാസ്ത്ര നിഷ്ഠുരഃ
പുരുഷോത്തമഘാതകം തതഃ
ശബരം സാ പുരതഃസ്ഥമൈക്ഷത. 75

അഥ ദുസ്സഹ രോഷ ഭീഷണ-
ഭ്രുകുടിത്രാസിത ലോകലോചനാ
ശപ, തർജ്ജയ, ഭർത്സയേതി സാ
ഭൃശമാ ക്രുക്ഷദതന്ദ്രദാക്ഷരം. 76

"അധമാഗമസിദ്ധരാക്ഷസ-
വ്രതദീക്ഷാന്ത നിതാന്തദർപ്പിതഃ
ധ്രിയസേ ഖല! തേ ശിരഃ പതത്
സപദിരമ്മഭവന്നിപാടിതം. 77

ഇദമന്നദ സപ്തദ്വീപിസ-
ന്നതഭാലാണം യദല്പകദ്ദർഭഗം
തവ മസ്തകമുത്തമാംഗതാ-
വ്യതിരേകം തദഭാമധൂസരം. 78

വിഷഗർഭിത വഹ്നിഗോളകം
കലിസമ്മാനിത കാലകന്ദുകം
പ്രസവാനിലഘട്ടിതം നഹി
സ്ഫുടിതം ഹന്ത ജഗദ്വിപത്തയേ. 79

ഗുരുപാതകപിണ്ഡഗർഭിതം
യദഭിവ്യാപിതതീവ്രവേതനം
ഇഹ വാമന! തേ ശിരശ്ശരാത്
ബലിനാ പാദശരേണ തദ്ധൃതാം. 80

ഉദരേ കല ധൂമകേതുമു-
ത്കടപാപം ദധതീ നിശാചരം
ജനനീ തവ സൂതികാഗൃഹം
പ്രവിശന്തീ ബതകിം ന സംസ്ഥിതാ. 81

---

ൻസാങ്ങ്, ഫാഹിയൻ തുടങ്ങിയവർ പലപല കഷ്ടങ്ങളും സഹിച്ച് നമ്മുടെരാജ്യത്തെത്തി സംസ്കാരസമ്പന്നയായ ഭാരതഭൂമിയിൽനിന്ന് പലതും പഠിച്ചു. പരിഷ്കാരത്തിന്റെ മുന്നണിയിൽനിന്നിരുന്ന യവനർ ഇന്ത്യയെ ആക്രമിച്ചതോടുകൂടി അവരുടെ സംസ്കാരം എത്രയോ പിന്നണിയിലാണെന്നു ബോദ്ധ്യപ്പെട്ടു. പല നൂതനകലകളും ശാസ്ത്രങ്ങളും അവർ പഠിച്ചു. ഈ രണ്ടു ഉന്നത സംസ്കാരങ്ങൾതമ്മിലുള്ള കൂട്ടിമുട്ടലിൽ രണ്ടുകൂട്ടർക്കും പരസ്പരം പലതും നൂതനമായി സിദ്ധിച്ചിട്ടുണ്ട്. ഹെലിയോഡറസിന്റെ ബെസ്നഗർശിലാലേഖനങ്ങളും (The Besnagar Inscription of Heliodoras)ഡമിട്രയസ്സിനാൽ പണിചെയ്യിക്കപ്പെട്ടനാഗരിയിലെ ഒരുയജ്ഞശാലയുടെ അവശിഷ്ടങ്ങളും പടിഞ്ഞാറൻതീരത്തിലുള്ള കാൻഹരിയിലെ [Kanheri] ഗുഹകളും കാഷ്മീറിലെ മാർത്താണ്ഡക്ഷേത്രവും, വിശേഷിച്ച് യവനികഭാരതീയകലകളുടെ സമ്മിശ്രമായ ഗാന്ധാരകലാരീതിയും [The Gandhara School of Indo-Hellenie Art]ഈ രണ്ടു പ്രമാണപ്പെട്ട സംസ്കാരങ്ങളുടെ സമ്മിശ്രമാണെന്നു സൂചിപ്പിക്കുന്നുണ്ട്.

ആക്രമണത്തിനുവേണ്ടിവന്ന എല്ലാവരും പരിഷ്കരിക്കപ്പെടുകയും, നമ്മുടെ ആചാരങ്ങളെയും വിശ്വാസങ്ങളെയും അനുകരിക്കുകയും ചെയ്തു. സകലവിദേശീയർക്കോയ്മകളിലും ഭാരതീയസംസ്കാരം ഒരു സന്മാർഗ്ഗബോധത്തെ തട്ടിയുണർത്തി എന്നുതന്നെ പറയാം. കുശനന്മാർ, അഭിരാസ്, ഹൂണന്മാർ, ജാട്സ് വർഗ്ഗക്കാർ ഇവരും, പല രാജപുത്രവർഗ്ഗങ്ങളും ഇവിടെ വന്നു ഹിന്ദുമതതത്വങ്ങൾ സ്വീകരിച്ച് ഹിന്ദുക്കളായവരാണ്. കുശൻരാജാവായ കനിഷ്കനെ ബുദ്ധന്റെ തത്വങ്ങൾ വളരെ ആകർഷിക്കുകയും, അദ്ദേഹം ബുദ്ധമതപ്രചരണത്തിനുവേണ്ടി വളരെ ഉത്സാഹിക്കുകയും ചെയ്തു.

(ലേഖനം അവസാനിച്ചിട്ടില്ല)

വനിതാധനമാനകാംക്ഷിഷു
പ്രതിപക്ഷപ്രതിപത്തിജൃംഭിതഃ
കലഹഃ കലിവൈഭവാത്ക്വചി-
ന്മഹതോ വ്യാപദി പര്യവസ്യതി. 82

നഹി കശ്ചന ഹേതുരീദൃശോ
നച വൃത്തഃ കലഹസ്തഥാഥവാ
തവ രാക്ഷസ ഭേദചോദിതോ
നരമേധഃ ക്വച ദൈവതാഹ്വയം. 83

നനു യേന സമത്വദർശിനാ
ഭുവനം സർവ്വമഹിംസയാജിതം
മനുജാധമ! സാധിതം ത്വയാ
കിമകാണ്ഡ തമഭിഘ്നതാത്മഘാത്. 84

അനിദാനമപൂർവ്വരൂപമ-
ത്ഭുത സംപ്രാപ്തി ഭുജംഗദംശനം
യദി തദ്വിഷശല്യമുക്തയേ
നിയതിം ധിഗ്യമപക്ഷപാതിനീം. 85

അകലങ്കമമിത്രദക്ഷിണം
തദഹിംസാവ്രതമീശ്വരേർപ്പിതം
ഹൃദയം ക്വ മഹാത്മനഃ ക്വ തേ
വ്യതിരേകോഹ്യനയോന്ന മൃഷ്യതേ. 86

ഹൃദയം ഹി മഹാത്മഗാന്ധിനോ
മമ ചാഭിന്നമഭൗതികാ ദൃഢാ
പ്രഹരന്ത മദിഷ്ടിനത്തിയത്-
പ്രതിഘാതോബഹുജന്മഭീഷണഃ. 87

തവ ചാഘപിശാചഹസ്തകൃതൈർ-
ഭൃശമദ്ധ്മാതനിരുദ്ധപീഡിതം
ഹൃദയം നരകോത്സവധ്വജോ-
ദ്ധരണാർത്ഥം സമയസ്സ്ഫുടിഷ്യതി. 88

യദി ഗൃധ്രവരൈഃ സുരക്ഷിതോ
ഭടകല്ലെന്ന ഭവേദിയം വിപത്ത്
തദനിഷ്ടമിതി ത്വ സാംപ്രതം
നഹിതം സ്വാദുച സർവ്വമൌഷധം. 89

"പുരുഷോപി കരോതി നാഖിലം
വിധിരേവ"തി മഹാത്മനോദിതം
ഉഷസി, സ്വയമേവ, വേദകഃ,
തദയം സായമുദാഹരേദിതി. 90

"ഭയമസ്യ മുഹുന്നിരാഗസഃ
കൃത" ഇത്യാപ്തജനൈരുദാസിതം
രഘുവീരഹതം തപസ്വിനം
കില ശംബൂകമമീ ന ചാസ്മരൻ. 91

"സ്ഥിതികർമ്മണി തദ്വപൂർവ്വിധോഃ
കരണം നശ്യതി നൈവ ദൈവതഃ"
ഇതി വിശ്വസതാ ച വിസ്മൃതം
ഭഗവദ്ഘാതി കിരാതസാഹസം. 92

നഹി കോപി തടിത്കരണ്ഡവത്
വപുരസ്യ സ്പൃശതി സ്വമൃത്യവേ"
ഇതി ബദ്ധ സമാധയോധുനാ
നവിദുഃ കിം "മദന"സ്യ ദുർന്നയം. 93

അന്തതാപസഹസ്രമിതഥമ-
ഥിതമാത്മാനമധഃ കരോതിമേ
പരിഹാരമതീത്യ വർത്തതേ
പരിദാഹഃ പുരുഷാപരാധജഃ. 94

ഇദമീശ്വര ദൈത്യഭഞ്ജനം
വചനം ഹന്ത നിശമ്യ ഘാതകഃ
നിജഗാദ ജനാന്തികം കിമ-
പ്യവലേപോദ്ധതമുച്ചകൈർവ്വചഃ. 95

"അനിയന്ത്രിതഹിംസയാമതൈഃ
ശതശഃ പ്രേതഗണൈഃ പുരസ്കൃതഃ
സ "വിനായക ഗോദ്ശോ"ഹമാ-
കലിതഃ ക്വാപി ച "നാത്തൂരാ"മിതി. 96

ന ബിഭേമി, ലിഖാമി, രാഷ്ട്രിയ-
വ്യവഹാരം വിമൃശാമ്യനർഗ്ഗലം
പ്രഥിതാമമ "ഹിന്ദുരാഷ്ട്ര"പ-
ത്രികയാ ഹൈന്ദവധർമ്മനിഷ്ഠതാ. 97

നഹി വൈരമനാദരോപി വാ
മമ ദേവേ, ച ഹരൌ, ച ഗാന്ധിനി
അമഹാത്മകമിച്ഛതാ ജഗ-
ജ്ജഗദീശേന കൃതോഹമായുധം. 98

അതിവർഷമകാലവർഷണം
ജലദേ, ജീവനദേപി നേഷ്യതേ
നിയതിഃ സമയോഗകാംക്ഷിണീ
നഖലു വ്യക്തിവിശേഷമീക്ഷതേ. 99

അധുനാ മൃതിരാവയോർഹിതാ
മരണം മാരണമപ്യനിച്ഛതാഃ
നളികാസ്ത്രമതോ ധൃതം മയാ
വ്രതമന്യേന നിരന്നതാവ്രതം" 100

അഥതം പരിവർജ്ജ്യവിസ്മിത-
സ്വപരാത്ഥ്യാ ത്വരിതസ്ഖലദ്ഗതിഃ
അമരത്വമനാത്മകംപ്രഭോ-
രഹി നിഃമ്മാകമപാജഗാമസാ. 101

ഉപരിഷ്ഠദമത്യവർഷണ-
ക്ഷണവിക്ലേദിതരക്തബിന്ദുകം
കഥമപ്യവലോകിതം തയാ
നിജഹൃദ്ഭേദയാത്തുനോദ്ധൃതം. 102

അഹഹാത്ഭുതവൈഭവം വപുർ-
നൃപതിപ്രാന്തിതദുർല്ലഭക്ഷണം
പതിതം ഭുവിപാദരേണസം-
ഗ്രഹണാത് കണ്ഠിതസാധുസംഹതി. 103

അയിനാഥ! ഗതോസി ഹാഗതഃ
ക്വഗതോസീതിഹരാദതാധരത്
നിജവക്ഷസി ഹൃദ്ഗതസ്യനി-
ർഗ്ഗമനായേവ വിപാടനോദ്യതാ. 104

അജഡഃ പരമേശ്വരസ്ത്വമീ-
ത്യമരത്വം ത്വയി വീക്ഷിതം മയാ
സദസത്സമവർത്തിനോ വിധേ-
രിഹ ധിക്താം പരമസ്വതന്ത്രതാം. 105

ഹരിനാമശതപ്രതിധ്വനി-
പ്രയത പ്രാർത്ഥന മഞ്ചനിദ്രിതഃ
പ്രതിപാലയസീവ വൈഷ്ണവം
തവയാനം ദിവി ഹാ ധിഗസ്തുമാം. 106

നഹി കിഞ്ചിദവേദിഷം പുരാ
പരപുഷ്ടാവിവശാപിവൈശസം
ഉപനീയ തു മാനിതാ, പരൈഃ
പരിപീഡ്യ, രഹിതാ ഹഹാ! ത്വയാ 107

മമനോസ്ത്വയനസ്വതന്ത്രതാ
ക്ഷതപക്ഷദ്വയമൂലഘട്ടനാത്
നിജഹൃദ്രസധാരയാപിത-
സ്തുമനാഃ കാമ്യസി ഹാ! ധിഗസ്തുമാം. 108

അകളങ്കമശേഷമോഹനം
മൃദുമന്ദസ്മിതകൌമുദീരസം
പ്രിയ! ദർശയ താവദാനനം
ഹൃദയാസേചനകാവലോകനം. 109

ശ്ലഥലേക്ഷണമീക്ഷണം തവ
ക്ഷണമുന്മീലയ പശ്യതേ പ്രിയാം
മന്ദഗാന്ധിമിഹാശ്രുവർഷിണിം
ഭൃശമാ ഭാമപി ശോച്യദർശനാം. 110

ഇതിബഹുവിലപന്തീസാപതന്തീലുഠന്തീ
നിജശിരസികരോരംതാഡയന്തീരുദന്തീ
ക്രമവിഗളിതസംജ്ഞാമൂർഛിതാഭാരതശ്രീഃ
സ്ഫുടിതമപിചവാക്യം കിഞ്ചിദേവം നഭസ്തഃ. 111

അയിശരശോകേനാലംനിയതിരപനയത്യശ്രു തിരശ്ശോ
തവാക്രന്ദാവൃത്ഥഃ പതിരതനസതോദ്യജയതി
ത്വദങ്കാലങ്കാരാഃഖലതദുപനീതാസ്ത്വമുദേ
നവംസത്യാഹിംസാവ്രതമുപകരിഷ്യന്തിബലിനഃ
(112

അദ്ധ്യാത്മംചാധിഭൂതംമിളിതമിഹകമപ്യത്ഥ-
മാവിഷ്കരോതി
പ്രത്യേകംതത്സമത്ഥംനഭവതിവിപദേ
സംപദേവാജഗത്യാം
ജാതിവ്യക്തിക്രിയാസുസ്വപരവിഷമതാ
മസ്പൃശന്തിപ്രഭൃണാ-
മേഷാസാമാന്യദൃഷ്ടിർജ്ജയതിജനഹിതാ
ലംബിനാംനിർമ്മലശ്രീഃ

ഈ കാവ്യത്തിൽ കഴിഞ്ഞലക്കത്തിൽ 41-ാം ശ്ലോകത്തിലെ 2-ാം വരിയിൽ "സമ്മിഷിതാം'' എന്നു ചേർത്തിരുന്നതു "സസ്മിലിതാം'' എന്നു തിരുത്തിവായിക്കേണ്ടതാണ്. (പാ. പ.)

# * ഉറക്കം—
# അറിഞ്ഞിരിക്കേണ്ട ചില സംഗതികൾ.

(കെ. പി. കെ)

ഉറക്കത്തെസംബന്ധിച്ചുള്ള പല സംഗതികളും ശാസ്ത്രീയാന്വേഷണത്തിന്നു വിധേയങ്ങളും, ദീർഘാലോചനയ്ക്കുപററിയ വിഷയങ്ങളുമാണ്. നമ്മളിൽ മിക്കപേൎക്കും കാൎയ്യമായ വിവരം ലഭിക്കാനിടവന്നിട്ടില്ലാത്ത അതിപ്രധാനവിഷയങ്ങളിൽ ഒന്നാണ് ഉറക്കം. വിദ്യാലയങ്ങളിലെ പാഠവിവരപ്പട്ടികയിൽ ഉറക്കത്തെപ്പററിയുള്ള പാഠവും ഉൾപ്പെടുത്തേണ്ടതാണെന്നു വിദ്യാഭ്യാസതത്വജ്ഞന്മാർ ഇതുവരെ പൎയ്യാലോചിച്ചിട്ടില്ല. വിദ്യാഭ്യാസാഭിവൃദ്ധിയെ പുരസ്കരിച്ചുള്ള പദ്ധതികളിൽപ്പോലും ആ സംഗതി തീരെ ഉപേക്ഷിക്കപ്പെട്ടിരിക്കുന്നു.

നമ്മളിൽ ഭൂരിപക്ഷം ജനങ്ങളും ജീവിതകാലത്തിൽ മൂന്നിലൊരുഭാഗം ചെലവഴിക്കുന്നതു ശയ്യയിലാണെന്നിരിക്കെ, അത്ര ഗൌരവാവഹമായ ആ സംഗതിയെ(ശയ്യാവിഷയം)പ്പററി സൂക്ഷ്മമായി പരിശോധിക്കുകയെന്നതു അതിപ്രധാനമായ ഒരു കാൎയ്യമാണ്. അങ്ങിനെ പരിശോധിക്കുമ്പോൾ, നമുക്കു മനസ്സിലാകുന്നതു്, മിക്കപേൎക്കും ഉറക്കമെന്ന വിഷയത്തെപ്പററി അല്പാല്പം അറിയാമെന്നുമാത്രമാകുന്നു; അതായതു അവരുടെ ഏററവും പരിമിതമായ ആ അറിവു അവർ രാത്രി ശയിക്കുന്നു, നേരംവെളുക്കുമ്പോൾ എഴുന്നേൽക്കുന്നു എന്നുള്ളതല്ലാതെ മറെറാന്നുമല്ല.

ഉഷ്ണകാലത്തു ശീതകാലത്തേക്കാൾ നമ്മുടെ ഉറക്കത്തിൽ എത്രത്തോളം കുറവുണ്ടെന്നു അറിയുന്നവരും നമ്മുടെകൂട്ടത്തിൽ അധികമില്ല. ഈ പ്രത്യേകസംഗതിയെപ്പററി ശരിയായി കണക്കെടുത്തിട്ടുള്ളവർ വളരെ ചുരുക്കമാണ്. എന്നാൽ, സാമാന്യേന നമുക്കു ഉഷ്ണകാലത്തു ശീതകാലത്തേക്കാൾ ശരാശരി രാത്രിതോറും ഒന്നരമണിക്കൂർ ഉറക്കം കുറവാണെന്നു സയുക്തികം ചില വിദഗ്ദ്ധന്മാരായ ശാസ്ത്രജ്ഞന്മാർ പ്രവചിച്ചിരിക്കുന്നു. നിദ്രയിലുള്ള ഈ കുറവു നമുക്കു ആരോഗ്യവിഷയത്തിൽ എത്രമാത്രം ബാധകമാണെന്നു നാം മനസ്സിലാക്കുന്നുണ്ടോ? അതിന്നു എളുപ്പത്തിലുള്ള മറുപടി "ഇല്ല, നാം അറിയുന്നില്ല" എന്നുമാത്രമാകുന്നു. എങ്കിലും, ശീതകാലത്തു നമുക്കുണ്ടാകുന്ന ചില രോഗങ്ങൾ, ഉഷ്ണകാലത്തു നമുക്കു ഉറക്കം കുറവാകുന്നതിനാലാണെന്നും, ശീതബാധകൊണ്ടുമാത്രമല്ല ആവക ഉപദ്രവങ്ങൾ വരുന്നതെന്നും നാം അറിയേണ്ടതാണ്. ഈ അനുമാനത്തെ പ്രബലപ്പെടുത്തുവാൻതക്ക ചില ദൃഷ്ടാന്തങ്ങൾ ശാസ്ത്രീയഗവേഷണശാലകളിൽനിന്നു ലഭിച്ചിരിക്കുന്ന പല പരീക്ഷണങ്ങളാൽ വിദഗ്ദ്ധന്മാരായ ശാസ്ത്രജ്ഞന്മാർ വിശദമായി മനസ്സിലാക്കിയിട്ടുണ്ട്. ഈ പരീക്ഷണത്തിൽനിന്നു കൂടുതലായി മനസ്സിലാകുന്നതു, നാം ഒരു രാത്രി എട്ടു മണിക്കൂർ ഉറങ്ങുന്നതിന്നു പകരം ആറു മണിക്കൂർ ഉറങ്ങുന്നതായാൽ നമ്മുടെ സാധാരണ പ്രവൃത്തി പിറേറദിവസം ശരിയായി നിൎവ്വഹിക്കുവാൻ നമുക്കു കൂടുതലായി ഇരുപത്തഞ്ചു ശതമാനത്തോളം ഉദ്ദീപനശക്തി ഉപയോഗിക്കേണ്ടിവരുമെന്നുള്ള സംഗതിയാണ്.

ഉറക്കത്തെപ്പററി കാൎയ്യമായ ഗവേഷണം നടത്തുവാൻ മതിയായ സാദ്ധ്യതകളുണ്ടെന്നു ഉപരിസൂചിതമായ വിവരങ്ങളിൽനിന്നു വിശദമാണല്ലോ. ആ വിഷയത്തിൽ യാതൊന്നും ചെയ്യപ്പെട്ടിട്ടില്ലെന്നു എളുപ്പത്തിൽ ഇതുവരെ പറഞ്ഞുകൂട. പലതും അതുസംബന്ധിച്ചും പ്രവൎത്തിക്കപ്പെട്ടിട്ടുണ്ട്.

ഉദാഹരണമായി, വൈദ്യവിദഗ്ദ്ധന്മാർ പണ്ടെ സ്ഥാപനങ്ങ, ഉറക്കമിളയ്ക്കുവാനാഗ്രഹിക്കുന്നവർ പതിവായി ഉറങ്ങാറുള്ള സമയത്തിന്നുമുമ്പു കാപ്പികുടിച്ചാൽ അവൎക്കു വളരെനേരം ഉറങ്ങാതെ കഴിക്കാമെന്നു അഭിപ്രായപ്പെട്ടിട്ടുണ്ട്. എന്നാൽ, അവർതന്നെ (പ്രസ്തുത വൈദ്യവിദഗ്ദ്ധന്മാർ) അഭിപ്രായപ്പെട്ടിട്ടുണ്ട്, അല്പകാലം കാപ്പികുടിച്ചു് പരിചയിക്കുന്നതു "ഉറക്കമില്ലായ്മ" എന്ന സുഖക്കേടിന്നു കാരണമാണെന്നും. പലരും തങ്ങൾക്കു ഉറക്കം വരുന്നില്ലെന്നു ആവലാതി പറയാറുണ്ട്. അതിന്നും പല കാരണങ്ങളുണ്ട്. മനശ്ശല്യമാണു ഉറക്കമില്ലാതാകുന്നതിന്നുള്ള പ്രധാനകാരണങ്ങളിൽ ഒന്ന്. വൈകുന്നേരത്തു ഒരു നല്ല നടത്തമോ, ദേഹാദ്ധ്വാനത്തിന്നുപററിയ പ്രവൃത്തി എന്തെങ്കിലുമെടുക്കുന്നതോ രാത്രിയിൽ നിദ്രയുണ്ടാകുവാൻ ഏററവും അനുകൂലമായ ഒരു മാൎഗ്ഗമായിരിക്കും. ഉറക്കമില്ലായ്മ

* ഒരു ഇംഗ്ലീഷുലേഖനത്തിൽനിന്നു സംഗ്രഹിച്ചത്.

നിശ്ചയമായും പല കഠിനരോഗങ്ങൾക്കും കാരണമാണ്. ജന്തുക്കൾ (മൃഗങ്ങൾ മുതലായവ) ഉറക്കമില്ലായ്മയാൽ അതിവേഗത്തിൽ ചത്തുപോവുക പതിവാണ്. ആവശ്യം ഭക്ഷണം കുറഞ്ഞാൽക്കൂടി ഉറക്കമില്ലായ്മയെപ്പോലെ കേടില്ല.

തനിക്കു എത്രനേരമെങ്കിലും ഉറക്കമിളച്ചിരിക്കുവാൻ സാധിക്കുമെന്നു വമ്പു പറഞ്ഞിരുന്ന ഒരു യുവാവിന്റെ സ്ഥിതി അസാധാരണവും, വിനോദകരവുമായ ഒരു പരീക്ഷണത്തിന്നു വിഷയമായിട്ടുണ്ട്. ഹാർവാർഡിലെ (അമേരിക്കയിലെ) "ഫററീഗ് ലാബ്രട്ടറി"യിൽ (ശാസ്ത്രീയഗവേഷണാശാലയിൽ) പ്രവേശിച്ചു ഉടനെ വൈദ്യവിദഗ്ദ്ധന്മാരുടെ മേൽനോട്ടത്തിൽ അയാൾക്കു 2 മണിക്കൂറോളം ഒന്നായി ഉറക്കമിളച്ചിരിക്കുവാൻ സാധിച്ചു അതിന്റെ ഫലമാകട്ടെ, അയാൾക്കു വളരെ ബുദ്ധിമുട്ടിന്നിടവരുത്തി. ആദ്യഘട്ടത്തിലെ ചില ദിവസങ്ങൾ കഴിഞ്ഞപ്പോഴെയ്ക്കും അയാൾക്കു ധാരണാശക്തി മുറയ്ക്കു കുറഞ്ഞുകുറഞ്ഞുവന്നു. അയാൾ പലവിധ വികാരങ്ങൾക്കും വിധേയനായി, ആവേശജനകങ്ങളായ പല ഗോഷ്ടികളും അയാൾക്കു ഒരിക്കലും അടക്കിവെപ്പാൻ നിവൃത്തിയില്ലാതായി; അവസാനം അയാൾ ചില ഭ്രാന്തുപറയുവാനും തുടങ്ങി; ഭ്രാന്തനായെന്നുതന്നെ പറയാം.

ഉറക്കത്തിന്റെ ആദ്യത്തെ മൂന്നുനാലു മണിക്കൂറുകളാണു ഏററവും ഗുണകരമായവയെന്നു നമുക്കു വിശ്വസിക്കാമോ? അതേ, ആ മൂന്നുനാലു മണിക്കൂറുകളാണു ഗുണകരമായവയെന്നു അന്വേഷണങ്ങൾ അഥവാ ഗവേഷണങ്ങൾ പ്രസ്പഷ്ടമാക്കിയിട്ടുണ്ട്. ഉറക്കംകൊണ്ടുള്ള ഗുണങ്ങൾ മിക്കവാറും സിദ്ധിക്കുന്നതു അതിന്റെ (ഉറക്കത്തിന്റെ) ആദ്യഘട്ടത്തിലുള്ള അവസാനസമയങ്ങളിലാണ്.

ദിവസേന രണ്ടുപ്രാവശ്യം ഉറങ്ങുന്നതുകൊണ്ടു തനിക്കു വളരെഅധികം വിശ്രമത്തിന്നിടവന്നിട്ടുണ്ടെന്നു ഒരു ഫ്രഞ്ച്സ്ക്കൂൾമാസ്റ്റർ പ്രഖ്യാപനം ചെയ്തിട്ടുണ്ട്. അയാൾ ദിവസേന വൈകുന്നേരം (രാത്രി) മൂന്നുമണിക്കൂറോളം ഉറങ്ങുന്നു. അനന്തരം ഉണർന്നു് എഴുതുകയും, വായിക്കുകയും, മററു പല പ്രവൃത്തികൾ നടത്തുകയും ചെയ്യുന്നു. രണ്ടോ മൂന്നോ മണിക്കൂർനേരം അങ്ങിനെ കഴിഞ്ഞാൽ അയാൾ പിന്നേയും മൂന്നുമണിക്കൂർ ഉറങ്ങുന്നു. അയാൾ സോദാഹരണം പ്രസ്താവിച്ചിട്ടുള്ളതു്, ഉറക്കത്തിന്റെ ആരംഭത്തിലുള്ള ഒടുവിലത്തെ സമയമാണു ഏററവും ഉന്മേഷജനകമായി തനിക്കു തോന്നിയിട്ടുള്ളതെന്നാകുന്നു. ഈ നിയമമനുസരിച്ചു അയാൾക്കു ദിവസേന രണ്ടു "ആദ്യത്തെ നിദ്രകൾ" ലഭിക്കുന്നു.

ബൾഗേറിയായിലെ നാട്ടുംപുറങ്ങളിലുള്ളവർ മിക്കവാറും അനേകനൂററാണ്ടുകളായി, ശീതകാലത്തു 4 മണിക്കും (P. M.) ഉഷ്ണകാലത്തു 7 മണിക്കും (P. M.) മുമ്പായി ഉറങ്ങുവാൻ പരിശീലിച്ചിട്ടുള്ളവരാണ്. നമ്മുടെ രാജ്യത്തെ നിലയാലോചിച്ചാൽ ഈ നിദ്രാകാലം ഏറെക്കുറെ ചുരുങ്ങിയ സമയമാണ്. നാലുമണിക്കൂറോളം ഉറങ്ങിയശേഷം അവർ എഴുന്നേററു അന്നത്തെ പ്രധാനഭക്ഷണം കഴിക്കുന്നു. അവരാകട്ടെ, പിന്നെ പിറേറദിവസം വൈകുന്നേരംവരെ ഉറങ്ങുകയില്ല. അവിടെ ഒട്ടാകെയുള്ള ഒരു സാമാന്യസമ്പ്രദായമാണിതു്. എന്നാൽ ബൾഗേറിയായിലാണു മററു രാജ്യത്തെക്കാളും കൂടുതലായി 100 വയസ്സു ചെന്നവർ ജീവിച്ചിരിക്കുന്നതു്!

ഉറക്കത്തെ സംബന്ധിച്ചു കേവലം നിഷേധിക്കേണ്ട ചില പ്രത്യേകസംഗതികളാണു താഴെ ഉദ്ധരിക്കുന്നതു:—

നാം കിടയ്ക്കയിൽ ശരീരം വളച്ചുകിടക്കുന്നതു തെററാണ്. ചിലർ കാവടിപോലെ ശരീരം വളച്ചുകിടക്കാറുണ്ട്. അതെല്ലാം തീരെ തെററാണെന്നു പറഞ്ഞുകഴിയു. പുതപ്പുകൊണ്ടു തലമുതൽ കാൽവരെ മൂടിക്കൊണ്ടും, താടിയും മുഖവും വല്ലാതെ ചെരിച്ചു വളച്ചുവെയ്ക്കുന്നതും ശരിയല്ല. ശരിയായ ശ്വാസോച്ഛ്വാസത്തിന്നു ഈ സമ്പ്രദായം ഒരിക്കലും അനുകൂലമല്ല. രക്തഞരമ്പുകൾക്കും, മാംസപേശികൾക്കും പ്രസ്തുതരീതിയിലുള്ള കിടപ്പു ന്യൂനത വരുത്തുന്നതായിരിക്കും.

കിടക്കുവാൻപോകുന്നതു മനഃപീഡയോടുകൂടിയാവരുതു്. മനശ്ശല്യങ്ങളെല്ലാം ഒരുവിധം അകററിയിട്ടേ ഉറങ്ങാൻ തയ്യാറാകാവൂ. തീരെ സുഖംപോരാത്ത ഒരു ശയ്യയിൽ ഒരിക്കലും കിടന്നുറങ്ങുവാൻ ശ്രമിക്കരുതു്. കിടക്കുന്നതിന്നുമുമ്പു് അല്പസമയംകിടയ്ക്കയെ കൈകൾകൊണ്ടു പതുക്കെ തട്ടി സമനിരപ്പിലുള്ളതാക്കിത്തീർക്കണം. കിടന്നഉടനെ അയായത്തു് നമ്മുടെ തല ഉപധാനത്തോടു ചേർന്നമാത്രയിൽ, നാം ഉറക്കത്തിലാകുന്നില്ലെങ്കിൽ അതിനെപ്പററി ഒരിക്കലും അതൃപ്തപ്പെടരുതു്. എല്ലാററിലും ഉപരിയായി, ഒരു വൈദ്യന്റെ പ്രത്യേക ഉപദേശത്തോടുകൂടിയല്ലാതെ ഉറക്കം വരുവാനുള്ള യാതൊരു മരുന്നും കഴിച്ചുപോകരുതു്.

# കൊച്ചി മഹാരാജാവു് തിരുമനസ്സിലെ തൃപ്പാദങ്ങളിൽ 6-7-'24 ൽ സമർപ്പിച്ച

# മംഗളപത്രം.

(ശ്രീ. പി. വി. കൃഷ്ണവാരിയർ, കോട്ടയ്ക്കൽ.)

ഉൾപ്പൂവിൽ കരുണാരസത്തൊടവനീരക്ഷയ്ക്കു ദീക്ഷിച്ച താൻ
തൻ പൂർവ്വക്ഷിതിപാലകർക്കു തുണയായ് വർത്തിച്ചുവന്നാവിധം
സൽപ്പുത്രാദികളേറെ കൊണ്ടഖിലശാസ്ത്രാർത്ഥാവബോധാത്മനാ
ദുഷ്പ്രാണിത്തുറയപ്പനൊത്തു വിജയിപ്പൂതാക ഗോശ്രീശ്വരൻ. 1

മുന്നം തന്നുടെ "ഭൂവിഭാഗ' കലിതോത്സാഹത്തിനാൽ ചേരമാ-
നെന്നക്കേരളചക്രവർത്തി തനതാം സ്ഥാനം കിരീടത്തൊടും
അന്നത്തെപ്പരിതസ്ഥിതിക്കു ഭഗിനീപുത്രന്നു നൽകീടിനോ-
നെന്നാണത്രേ പരമാർത്ഥകേരളകഥാപ്രസ്താവമാസ്ഥാവഹം. 2

ആ രാജാഗ്രണി 'വീരകേരളനൃപൻ' തൊട്ടുള്ള തദ്വംശജ-
ന്മാരാരുസ്സൂരതാണ്ടു കാലമവനീശക്കൊക്കെ മേൽക്കോയ്മയായ്
പോരാളർ പെരുമ്പടപ്പിനിലുള്ള പെരുമാറികൊണ്ടു ഭൂതാദികൾ—
ക്കാരാലേകിയ "താമ്രശാസന"മിഹ പ്രത്യക്ഷരം ലക്ഷ്യമാം. 3

പണ്ടീക്ഷിതിയാക്രമിച്ച ബലവാൻ "രാജേന്ദ്രചോളൻ"റെ നേ-
ർക്കന്നീ മന്നവരന്നു വീരതചിതാ സമർഗ്ഗം ഗമിച്ചീടവേ
മിന്നീടും മകുടം മുതൽക്കവിലവും ശത്രുക്കൾ തട്ടിക്കിലും,
വന്നീലാ കുലനാശമന്നു നൃവരൻ കാണിച്ച മുൻകാഴ്ചയാൽ. 4

വന്നേരിക്കു പെരുമ്പടപ്പുവസുധാദേവൻ പ്രിയൻ ചൊൽകയാൽ
വന്നാറീടിനരാജ്ഞിതൻപാക്കിളമട്ടത്തായിട്ടുടക്കാതെ താൻ
മൂന്നു പാർത്തുപെരുത്തുനാം തനയരുണ്ടായി സ്വധർമ്മങ്ങളിൽ—
ച്ചെന്നേല്പോനവർ ശക്തരാംവരെ,യതാണീ വംശഭാഗ്യോദയം. 5

ആ നമ്പൂതിരിയോ മഹാപ്രഭു, തനിക്കില്ലത്തു മററാരുമി,-
ല്ലാനന്ദത്തൊടു രാജ്ഞിതൻ പദവിയെപ്പാലിച്ചുപോന്നീടുവാൻ
മാനം നേടിയ 'ചിത്രകൂട'നിലയം നിർമ്മിച്ചതും സ്വാത്മമ-
ന്യനാഥന്നുടെ ജന്മഭൂവിനവകാശത്തോടുമേകീടിനാൻ. 6

കാലംകൊണ്ടു തഴച്ചു വംശമവിടെ, ക്ഷാത്രപ്രതാപാസ്പദം
കോലംപൂണ്ടുദയം ലഭിച്ചു രവിവർമ്മവെന്ന രാജശേഖരൻ
ബാലൻ'കേരളവർമ്മ'നാമനുജനോടൊന്നിച്ചു ചെന്നേററതിൽ—
മൂലം മൂലപുരം മുതല്ക്കു മുതലന്നൊട്ടുക്കടക്കി ബലാൽ. 7

രാജ്യത്തിന്നു പെരുമ്പടപ്പിതുവിധം നേടി, 'സ്വരൂപത്തിനം'
പൂജ്യത്വം പെരുകുന്ന പേരതു പുലർത്തീടപ്പൊഴന്നപ്പാർത്ഥിവൻ
പരാജ്യം കേരളമദ്ധ്യഭാഗമനുജന്നേല്പിച്ചു; തൻപൂർവ്വസാ—
മ്രാജ്യം ചേർത്തു ഭരിച്ചു നാട്ടിനടയോരൊക്കെ ഭ്രമിക്കാവിധം. 8

---

അപ്രകാരമുള്ള ഔഷധം വല്ലതും ആവശ്യമാണെങ്കിൽ അദ്ദേഹം പറയും. ആ ഒരാവശ്യം ദുർല്ലഭമായേ ഉണ്ടാവൂ.

ഇനി നാം നിശ്ചയമായും ചെയ്യേണ്ട ചില പ്രധാനസംഗതികളെപ്പററിയും പറയാം:—

നമുക്കു കിടക്കുവാൻ അതായതു ഉറക്കംവരുവാൻ ഏററവും സുഖപ്രദമായ ഒരു നിലയെങ്ങിനെയായിരിക്കണമെന്നു ആദ്യമായി കാണണം. അതിന്നു ഏററവും സ്വാഭാവികമായ സമ്പ്രദായം കാൽമുട്ടുകൾ ഒരുവിധം നന്നായി വളച്ചും, തല കുറച്ചു ചായ്ച്ചുചെരിച്ചും, ഉജങ്ങൾ വിലങ്ങത്തിൽവെച്ചുമാകുന്നു. ഈ സ്ഥിതിയിലാണു ജനനത്തിന്നുമുമ്പു ശിശുക്കൾ തങ്ങളുടെ അമ്മമാരുടെ ഉദരത്തിൽ കിടക്കുന്നതു്. എന്നാൽ, ഈ നിയമമെല്ലാം എല്ലാപ്പോഴും എല്ലാവരും ആലോചിക്കുന്നവയല്ല. ഇതൊക്കെ അത്ര സ്വാഭാവികവുമല്ല. ചുരുക്കിപ്പറയുന്നതായാൽ, നമുക്കു ഉറക്കത്തിന്നു സൌകൎയ്യവും, സുഖവും കിട്ടുന്നവിധത്തിൽ, ആരോഗ്യത്തിന്നു ഹാനികേടായ നിലവരാത്ത നിലയിൽ, കിടക്കുക. ഉറക്കം വരുവാൻവേണ്ടി കിടപ്പുസമ്പ്രദായത്തെപ്പററി പരീക്ഷണം നടത്തുകയെന്നതു ആർക്കും ക്ഷിപ്രസാദ്ധ്യമല്ല.

നമ്മുടെ ശയനമുറിയിലെ ജനലുകൾ ശീതകാലത്തുകൂടി കുറച്ചെങ്കിലും തുറന്നിടണം. നമുക്കു ഉറങ്ങുമ്പോഴും ഉണരുമ്പോഴും ഒരുപോലെ ശുദ്ധവായു ആവശ്യമാണു്. നമ്മുടെ ത്വക്കും ശ്വാസിക്കുന്ന ഒരു അവയവമാണെന്നു കരുതണം. അതിന്നും ശ്വാസംമുട്ടുവാനിടവരരുതു്. തണുപ്പുതട്ടാതിരിപ്പാൻമാത്രം കിടയ്ക്കയിൽ മൂടുള്ള വിരിപ്പുകൾ ഉണ്ടാകണം. പക്ഷെ, അധികമാകരുതു്. നമ്മുടെ ശരീരത്തിലെ എല്ലാ അവയവങ്ങൾക്കും മാംസപേശികൾക്കും യഥേഷ്ടം സുഖസൌകൎയ്യങ്ങളുണ്ടാകാവുന്ന നിലയിലായിരിക്കണം കിടപ്പു്. ഈ കാൎയ്യത്തിൽ നാം മനസ്സിലാക്കേണ്ടതു "നിത്യാഭ്യാസി ആനയെയെടുക്കു"മെന്നുള്ളതാണു്; അതായതു നിത്യപരിചയംകൊണ്ടു എല്ലാം എളുപ്പത്തിൽ ശരിപ്പെടുമെന്നതന്നെ.

ഉറക്കംവരുവാൻ നമുക്കു ബുദ്ധിമുട്ടാണെങ്കിൽ ഒരു പുസ്തകവും കയ്യിലെടുത്തു കിടക്കുക. വായന ഉറക്കം വരുത്തുവാൻ വളരെ സഹായിക്കും. ഏതാണ്ടു ഉറക്കം വരുമെന്നു തോന്നിയാൽ എളുപ്പത്തിൽ വിളക്കണയ്ക്കുവാനുള്ള മാൎഗ്ഗം കണ്ടുവെയ്ക്കണം. വെളിച്ചംവെച്ചു കിടന്നുറങ്ങുന്നതു സുഖമുള്ള ഒരേൎപ്പാടല്ല. ഉറക്കത്തെസംബന്ധിച്ചു മേൽപ്രസ്താവിച്ചവയിൽ ഹിതകരമായതെല്ലാമെന്നു തീർച്ചപ്പെടുത്തി, അതുപ്രകാരം പ്രവൎത്തിക്കുക. എന്നാൽ നമുക്കു ഉറക്കവും, സുഖവും, ചിലപ്പോൾ സന്തോഷപ്രദങ്ങളായ സ്വപ്നങ്ങളും കിട്ടും; നിശ്ചയം തന്നെ.

---

# പ്രസാധകക്കുറിപ്പുകൾ.

## മലയാളപുസ്തകങ്ങൾക്കു സമ്മാനങ്ങൾ.

ദേശഭാഷാഭിവൃദ്ധിയെ ലാക്കാക്കി മദിരാശി ഗവമ്മെണ്ടു, ഏർപ്പാടുചെയ്തിട്ടുള്ള പാരിതോഷികങ്ങളിൽ, 1948ൽ, മലയാളത്തിന്നു നൽകാനുദ്ദേശിച്ചിട്ടുള്ള സമ്മാനങ്ങൾ അടുത്തകാലത്തു പുറത്തിറങ്ങിയിട്ടുള്ള 6 പുസ്തകങ്ങൾക്കു നൽകുമെന്നറിയുന്നു. ആ ആറു സമ്മാനങ്ങളിൽ ഒന്നു ശ്രീ. പി. എൻ. മൂസ്സതിന്റെ മനശ്ശാസ്ത്രം (വിദ്യാഭ്യാസം) എന്ന പുസ്തകമാണു്. ശ്രീ പി. എൻ മൂസ്സതിന്റെ പല പുസ്തകങ്ങളും, ലേഖനങ്ങളും ആശയപുഷ്ടികൊണ്ടും, ഭാഷാഗുണംകൊണ്ടും മെച്ചമുള്ളവയാണു്. അദ്ദേഹത്തിന്നു സാഹിത്യം, ശാസ്ത്രം, ചരിത്രം എന്നുവേണ്ട ഏതു വിഷയത്തിലും രസകരമായി ലേഖനങ്ങളും പുസ്തകങ്ങളും നിർമ്മിക്കുവാൻ പാടവവും, പരിചയമുണ്ടെന്നുള്ളതു സർവ്വവിദിതമാണു്. പ്രത്യേകിച്ചു സമ്മാനാർഹമായ മനശ്ശാസ്ത്രം എന്ന പുസ്തകം എല്ലാനിലയിലും ഭാഷാസാഹിത്യകാരന്മാർക്കും, ശാസ്ത്രജ്ഞന്മാർക്കും ഒരുപോലെ രുചിപ്രദമാണെന്നു സമ്മതിച്ചേ കഴിയൂ. വിവിധങ്ങളായ ലേഖനങ്ങളെക്കൊണ്ടും, ചെറുകഥകളെക്കൊണ്ടും "പാരിജാത"ത്തെ ഇടതടവെന്യേ സഹായിക്കുന്ന ശ്രീ. മൂസ്സതിന്നു മദിരാശിഗവമ്മെണ്ടിൽനിന്നു ലഭിച്ച മാന്യമായ ഈ പ്രോത്സാഹനത്തിൽ അദ്ദേഹത്തെ ഞങ്ങൾ അകൈതവം അനുമോദിച്ചുകൊള്ളുന്നു.

സമ്മാനാർഹരായ മററുള്ളവരെയും ഞങ്ങൾ അനുമോദിക്കുന്നതോടുകൂടി ഭാഷാസമുദ്ധരണവിഷയത്തിൽ ഗവമ്മെണ്ടു ചെയ്യുന്ന ഈവക ഏർപ്പാടുകൾ പ്രശംസാർഹങ്ങളാണെന്നു നിസ്സംശയം അഭിപ്രായപ്പെടുകയും ചെയ്തുകൊള്ളുന്നു.

## ഇന്ത്യാജപ്പാൻ വിമാനസർവ്വീസ്.

അടുത്ത അവസരത്തിൽ ഇന്ത്യയിൽനിന്നു ജപ്പാനിലേയ്ക്കു ഒരു വിമാനസർവ്വീസ് തുടങ്ങുന്നതാണു്. ഈ സർവ്വീസ് മാസത്തിൽരണ്ടുതവണയായിരിക്കും. ഇന്ത്യയിൽനിന്നുപുറപ്പെടുന്ന വിമാനം ഇടയ്ക്കു ബാങ്കോക്ക്, സയിഗോൺ, ഹോങ്കോങ്ങ്, ഷാങ്കായി എന്നീ നഗരങ്ങളിലിറങ്ങിയശേഷമായിരിക്കും ടോക്കിയോവിലെത്തുക.

## തെജ്ബഹദൂർ സപ്രൂമന്ദിരം.

കഴിഞ്ഞുപോയ സർ തെജ്ബഹദൂർ സപ്രുവിന്റെ സ്മാരകമായി ദൽഹിയിൽ 10ലക്ഷം ഉറുപ്പിക ചെലവിട്ടു "തെജ്ബഹദൂർ സപ്രൂമന്ദിരം" എന്നപേരിൽ സാമൂഹ്യശാസ്ത്രസംബന്ധമായ പുസ്തകങ്ങൾ മുതലായതുകൾ അടങ്ങിയ പുസ്തകശാലകൾ, വായനശാലകൾ എന്നിവ സ്ഥാപിക്കുവാൻ തീർച്ചപ്പെടുത്തിയിരിക്കുന്നു.

---

അന്തസ്സേറിയ രാജവംശമിതുയർന്നെറപ്പെടുന്നപ്പൊഴേ—
ള്ളന്തശ്ഛിദ്രമുദിച്ചു, താവഴികളായ് ഭാഗിച്ചു ഭാഗിക്കയാൽ
സന്തത്യർത്ഥമിടയ്ക്കു ദത്തുമുളവായ്; ശത്രുക്കൾ വർദ്ധിക്കയാൽ
സ്വന്തംനില്പിനൊറപ്പുലഞ്ഞിതൊരുരാജ്യക്കാർക്കു ലാക്കായ് ചിരം. 9

വാണിജ്യത്തിനണഞ്ഞ പോർച്ചുഗൽ മുതൽക്കാരോവിദേശീയരും
വാണിജ്യത്തലമിട്ടുരച്ചുരച്ചതെല്ലിച്ചു തമ്മിൽ ചിരം.
ക്ഷീണിച്ചീടിലുമിക്ഷിതീന്ദ്രരിലൊരാൾപോലും സ്വധർമ്മങ്ങളിൽ
ക്ഷോണിക്കോ പിഴപററിടാതെനിലനിർത്തിപ്പോന്നതൽപ്രാഭവം. 10

കാററിന്നുക നിലച്ചു, കാലഗതികണ്ടാവന്നെഴും തമ്പുരാ—
ന്നൊററിമ്പ ഭൂമി ഭരിച്ചുവാണസമയം സൌവർണ്ണകാലോദയം;
മാററിത്തങ്ങളുകററി, മററാലർ നിലാപററി, പ്രജാസങ്കടം
മാററിക്കൊച്ചിയിതുച്ചമായൊരുനിലയ്ക്കെത്തിച്ചതാസ്സുകൃതനാം. 11

രാജത്വോചിതസൽഗുണങ്ങളിയലുന്നോരാന്നൃപന്മാരിട—
യ്ക്കാരാജർഷിപ്പൊട്ടു ഭരിയ്ക്കിലും, മാറിത്തീർമാടകക്ഷ്മാമണ്ഡലം
"രാജർഷി പ്രഥമൂണ്ടു 'രാമ'"സമനായ് ശ്രീ 'രാമവർമ്മാ'"ഖ്യനാം
രാജന്യാഗ്രണി വാണകാലമഖിലം സൌവർണ്ണരേഖാങ്കിതം. 12

കാലത്തിന്നുതകുംവിധാംഗവപരിഷ്കാരങ്ങളൊക്കെപ്രജാ—
ജാലത്തിന്നിഹ "രാമരാജ്യപദവി"ക്കുണ്ടാക്കിവെച്ചാമഹാൻ
ആലസ്യത്തൊടു നാടൊഴിഞ്ഞു. നൃപതിശ്രേഷ്ഠർക്കു നിർദ്ദിഷ്ടമാ—
ശീലത്തെ സ്വയമേറെടുത്തുമുനിയായ് മോക്ഷം ലഭിച്ചീടിനാൻ. 13

ആ മാന്യന്റെ തുടർച്ചയായ് പല നൃപന്മാരുദിവാണീടിലും
സാമാന്യാധികമായ് സ്മൃതിക്കൊരിടയില്ലക്കാലമോർക്കാവിലോ—
ധീമാനാത്മ്യമിയന്നു സർവ്വവിധമാം ശാസ്ത്രാഗ്രഹിച്ചിപ്രജാ—
ക്ഷേമമാരാഞ്ഞിക്ഷണംപീഷിതൻ നൃപതിതാനാവശ്യമിന്നേവനും. 14

കാലേപോൽക്കടകാലഭാക്കുദേവൻ കതിജപലിച്ചീടുമി—
ക്കോലകർമ്മനു കർമ്മികളുകർത്താവിൽ പ്രവർത്തിക്കവേ
കാലേ ഭൂമിയിൽവെച്ചതാം സുകൃതമക്കാലേ വലിച്ചാകിൽ വ—
ന്മാചെന്തും ജഗതിക്കൊരോ ഗതിപരീക്ഷിതാംക്ഷിതികഷ്ടിതുതാൻ 15

മൂന്നായ് മന്നു മുറിഞ്ഞ കേരളധരാഖണ്ഡങ്ങളെച്ചേർത്തുവെ—
ച്ചൊന്നാക്കീടണമെന്നതൻപ്രജകളുത്താങ്ങിപ്രസംഗിക്കവേ
നന്നായിട്ടൊരു കേരളൈക്യമിനിണ്ടാകുന്ന സന്ദേശമൊ—
ന്നിന്നാളങ്ങു കനിഞ്ഞയച്ചതു ജനക്ഷേമേച്ഛുതൻ ലക്ഷണം. 16

ഒന്നും സംസ്തുതിചെയ്തതില്ല, കവി മൂത്തീടുന്നൊരക്കാലമൊ—
ന്നെന്നുള്ള പ്പൂർത്തിപൂണ്ടുമരുവും ലോകത്തിനേകാന്ത്യയാം
എന്നും നിർവ്വൃതിയേകി മാത്രം, മതിനാലായ പ്രമാദോഗ്യവും
തന്നാംകൊണ്ടരികത്തു കാന്തരുളമിപ്പൂർണ്ണത്രയീശൻ പുരാൻ. 17